ISBN 81-237-0907-2

1999 (*ശക 1921*) രണ്ടാം മുദ്രണം

ആദ്യമുദ്രണം 1994
© ഭീഷ്മ സാഹ്നി, 1989
തർജമ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
Jallianwala Bagh (*Malayalam*)

രൂ. 10.00

പ്രസാധനം : ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
എ-5 ഗ്രീൻ പാർക്ക്. ന്യൂദൽഹി - 110 016

നെഹ്റു ബാലപുസ്തകാലയം

ജാലിയൻവാലാ ബാഗ്

ഭീഷ്മ സാഹ്നി

ചിത്രീകരണം

പ്രശാന്ത മുഖർജി

വിവർത്തനം

തങ്കം നായർ

एका सूते सकलम्

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

കൃതജ്ഞത

ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വസ്തുതകളുടെയും കണക്കുകളുടെയും അധികഭാഗവും ശ്രീ രാജാറാമിന്റെ 'The Jallianwala Bagh Massacre' എന്ന രചനയിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

നയി ദില്ലി — ഭീഷ്മ സാഹ്നി

17 ജനുവരി 1994

1919 ഏപ്രിൽ 13 ന് വൈകുന്നേരം, വെടിവയ്പിനു ശേഷം രതൻ ദേവി എന്ന സ്ത്രീ അവരുടെ ഭർത്താവിനെ അന്വേഷിച്ച് ജാലിയൻവാലാ ബാഗിലെത്തി. അവിടെ അവർ കണ്ടതെന്താണ്? അവർക്ക് അവിടെ എന്തു സംഭവിച്ചു? ഇക്കാര്യങ്ങളെ സംബന്ധിച്ച ഒരു വിവരണം ഇപ്രകാരമാണ്:

വെടിപൊട്ടുന്ന ശബ്ദം കേട്ടപ്പോൾ ഞാൻ ജാലിയൻവാലാ ബാഗിനടുത്തുള്ള എന്റെ വീട്ടിലായിരുന്നു. ഞാൻ പരിഭ്രമിച്ചെഴുന്നേറ്റു. എന്റെ ഭർത്താവും 'ബാഗിൽ' പോയിരുന്നു. മറ്റു രണ്ടു സ്ത്രീകളുടെ ഒപ്പം, ഞാൻ അതിരറ്റ പരിഭ്രമത്തോടെ, കരഞ്ഞുകൊണ്ട് അവിടെ എത്തി. ശവങ്ങളുടെ കൂമ്പാരങ്ങളാണ് അവിടെ കണ്ടത്. ഞാൻ എന്റെ ഭർത്താവിനെ തിരയുവാൻ തുടങ്ങി. ഒരു ശവക്കൂമ്പാരം തിരഞ്ഞുകഴിഞ്ഞപ്പോൾ തന്നെ എന്റെ ഭർത്താവിന്റെ ശവം കിട്ടി. അവിടെ എത്തുന്നതിന് എനിക്ക് രക്തത്തിൽ മുങ്ങിയ ശവങ്ങളുടെ നടുവിൽക്കൂടി കടന്നു പോകേണ്ടിയിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ ലാലാ സുന്ദർദാസിന്റെ രണ്ട് ആൺമക്കൾ അവിടെ വന്നു. എന്റെ ഭർത്താവിന്റെ ശവശരീരം വീട്ടിൽ എത്തിക്കാനായി ഒരു കട്ടിൽ കൊണ്ടുവരണമെന്ന് ഞാൻ അവരോട് യാചിച്ചു. ആൺ കുട്ടികൾ രണ്ടുപേരും പോയി. ഞാൻ എന്റെ കൂട്ടുകാരെ പറഞ്ഞയച്ചു. അപ്പോൾ രാത്രി എട്ടു മണി ആകാറായിരുന്നു. കർഫ്യു ഭയന്ന് ആരും വീടിനു പുറത്ത് ഇറങ്ങിയിരുന്നില്ല. ഞാൻ കാത്തിരുന്നു, കരഞ്ഞുകൊണ്ട്.

ഏകദേശം എട്ടര മണിക്ക് ഒരു സർദാർജി അവിടെ വന്നു. വേറെ കുറച്ചുപേർ കൂടി വന്ന് ശവക്കൂട്ടങ്ങളിൽ എന്തോ അന്വേഷിച്ചുകൊണ്ടിരുന്നു. എനിക്ക് അവരെ പരിചയമുണ്ടായിരുന്നില്ല. എങ്കിലും ഭർത്താവിന്റെ ശരീരം ഏതെങ്കിലും വരണ്ട ഒരു സ്ഥലത്ത് വയ്ക്കാനായി സഹായിക്കണമെന്ന് ഞാൻ സർദാർജിയോട് അപേക്ഷിച്ചു. രക്തം തളം കെട്ടിയ ഒരിടത്തായിരുന്നു അദ്ദേഹത്തിന്റെ ശരീരം കിടന്നിരുന്നത്. സർദാർജി അദ്ദേഹത്തിന്റെ തലയും ഞാൻ കാലുകളും പിടിച്ച് ഒരു തടിക്കഷണത്തിൻ മേൽ വച്ചു.

രാത്രി പത്തുമണിവരെ ഞാൻ ലാലാ സുന്ദർദാസിന്റെ മക്കളെ കാത്തിരുന്നു. പക്ഷേ ആരും വന്നില്ല. ഞാൻ എഴുന്നേറ്റ് 'കട്ടറാ ആബ്ലോവ'യിലേക്ക് പോകാനൊരുങ്ങി. 'തക്കൂർവാഡ'യിൽ താമസിക്കുന്ന വിദ്യാർത്ഥികളോട് എന്നെ സഹായിക്കണമെന്നാവശ്യപ്പെടാമെന്നാണു ഞാൻ കരുതിയത്. ഏതാനും ചുവടുകൾ നടന്നപ്പോൾ, അടുത്തൊരു വീട്ടിലെ ജനൽപ്പടിയിലിരുന്ന ഒരു വൃദ്ധൻ ഞാൻ ഈ പാതിരാനേരത്ത് എങ്ങോട്ടുപോവുകയാണെന്നു ചോദിച്ചു. എന്റെ ഭർത്താവിന്റെ ശരീരം വീട്ടിലേക്കു കൊണ്ടുപോകാൻ ആരുടെയെങ്കിലും സഹായം തേടുകയാണെന്നു ഞാൻ പറഞ്ഞു. മണി എട്ടു കഴിഞ്ഞെന്നും, അപ്പോൾ ആരും സഹായിക്കുകയില്ലെന്നും അയാൾ പറഞ്ഞു. ഞാൻ കട്ടറായ്ക്ക് തന്നെ പോയി. വഴിയിൽ ഒരു വൃദ്ധൻ ഇരുന്ന് ഹുക്ക വലിക്കുന്നുണ്ടായിരുന്നു. അയാൾക്കരികെ രണ്ടുമൂന്നുപേർ ഉറങ്ങിക്കിടന്നിരുന്നു. ഞാൻ

എന്റെ ദുരന്തകഥ അവരോടു പറഞ്ഞു. എന്നെ സഹായിക്കണമെന്ന് കൈകൂപ്പി ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അവർ 'മണി പത്തു കഴിഞ്ഞു. ഞങ്ങൾ ആരും വെടിയേൽക്കാൻ തയ്യാറല്ല' എന്നാണ് എന്നോട് പറഞ്ഞത്.

ഞാൻ തിരിച്ചുവന്ന് ഭർത്താവിന്റെ ശവശരീരത്തിനടുത്തിരുന്നു. മുളയുടെ ഒരു കമ്പ് കയ്യിൽ കിട്ടി. അതുകൊണ്ട് രാത്രി മുഴുവൻ നായ്ക്കളെ ആട്ടി ഓടിച്ചുകൊണ്ടിരുന്നു. മൂന്നു ആണുങ്ങൾ വേദനകൊണ്ട് കിടന്നു പുളയുന്നതു ഞാൻ കണ്ടു. അടുത്തുതന്നെ ഒരു എരുമയും കിടന്നു പിടയുന്നുണ്ടായിരുന്നു. കൂടാതെ, വേദന സഹിക്കാനാവാതെ കരയുന്ന ഒരു പന്ത്രണ്ടുവയസ്സുകാരൻ, അവനെ വിട്ട് എവിടെയും പോകരുതെന്ന് എന്നോട് വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു. ഭർത്താവിന്റെ ശവശരീരം വിട്ട് എവിടേക്കും പോകുകയില്ലെന്ന് ഞാൻ പറഞ്ഞു. തണുക്കുന്നുണ്ടോയെന്ന് ഞാനവനോട് ചോദിച്ചു. എങ്കിൽ എന്റെ ദുപ്പട്ടകൊണ്ട് അവനെ പുതപ്പിക്കാം എന്നു പറഞ്ഞു. ആ കുഞ്ഞ് വെള്ളം ആവശ്യപ്പെട്ടു. അവന് കൊടുക്കാൻ ഒരു തുള്ളി വെള്ളംപോലും ആ പ്രദേശത്തെങ്ങുമുണ്ടായിരുന്നില്ല. ഓരോ മണിക്കൂർ കഴിയുമ്പോഴും ഘടികാരത്തിന്റെ ശബ്ദം കേൾക്കാമായിരുന്നു. രാത്രി രണ്ടുമണിക്ക് പരുക്കേറ്റ ഒരു മനുഷ്യൻ, ശവക്കൂട്ടത്തിനിടയിൽപ്പെട്ട

അയാളുടെ കാൽ മേൽപ്പോട്ട് ഉയർത്തുവാൻ എന്നോട് യാചിച്ചു. സുൽത്താൻ എന്ന ഗ്രാമത്തിൽ നിന്നും വന്ന ജാട്ട് വംശജനായിരുന്നു അയാൾ. ഞാൻ രക്തത്തിൽ മുങ്ങിയ അയാളുടെ തുണികളിൽ പിടിച്ച് കാൽ മുകളിലേക്ക് ഉയർത്തിവച്ചു. അതിനുശേഷം രാവിലെ 5.30 വരെ ആരും തന്നെ അവിടെ വന്നില്ല. ഏകദേശം 6 മണിക്ക് സുന്ദർദാസും മക്കളും, അയൽപക്കത്തുള്ള കുറച്ചുപേരും കൂടി ഒരു കട്ടിൽ കൊണ്ടുവന്നു. അതിൽ എന്റെ ഭർത്താവിന്റെ മൃതദേഹം കിടത്തി വീട്ടിലെത്തിച്ചു. 'ബാഗി'ൽ മറ്റു പലരും തങ്ങളുടെ ബന്ധുമിത്രാദികളെ അന്വേഷിക്കുന്നുണ്ടായിരുന്നു. രാത്രി മുഴുവൻ അവിടെ കഴിച്ചുകൂട്ടിയപ്പോൾ എനിക്കുണ്ടായ വിചാരങ്ങൾ എങ്ങനെ എനിക്കു വിവരിക്കാൻ കഴിയും. എനിക്ക് ചുറ്റും ശവശരീരങ്ങളായിരുന്നു. പലതും നിഷ്കളങ്കരായ കുട്ടികളുടേതും. രാത്രി മുഴുവനും നായ്ക്കളുടെ കുരയും കഴുതകളുടെ കരച്ചിലും ഒഴികെ ഒന്നും ഞാൻ കേട്ടിരുന്നില്ല. ആ രാത്രി ഞാൻ എങ്ങനെ കഴിച്ചുകൂട്ടി എന്ന് എനിക്കും ദൈവത്തിനും മാത്രം അറിയാം- ഇതിൽ കൂടുതൽ എന്ത് പറയാൻ!

ജാലിയൻവാലാ ബാഗ് – ഈ പേര് തന്നെ ഓരോ ഇന്ത്യക്കാരനും രോമാഞ്ചമുണ്ടാക്കുന്നു. എന്നാൽ ഈ സംഭവത്തിന്റെ പൂർണ്ണകഥ വളരെ കുറച്ചു പേർക്കു മാത്രമേ അറിയാവൂ. എങ്ങനെയാണ് ഈ കൂട്ടക്കൊല ഉണ്ടായതെന്നും നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ അതിന്റെ സ്ഥാനമെന്താണെന്നുമുള്ള കഥയാണിനിയുള്ള പുറങ്ങളിൽ.

അതൃപ്തി ഉണ്ടാക്കിയ എതിർപ്പ്

ആ വൈശാഖി ദിവസമുണ്ടായ ജാലിയൻവാലാ ബാഗ് സംഭവം പൊടുന്നനേ ഉണ്ടായതല്ല. വളരെക്കാലമായി ബ്രിട്ടീഷ് ഭരണത്തെക്കുറിച്ച് ഭാരതീയർക്കുണ്ടായിരുന്ന അവിശ്വാസം വർദ്ധിച്ചിരുന്നു. വിദേശ ഭരണത്തിൽ നിന്ന് മോചിതരാകാൻ അവർ ആഗ്രഹിച്ചു.

ഒന്നാം ലോകമഹായുദ്ധ (1914-18) കാലത്ത് ഈ അസംതൃപ്തി കൂടുതൽ രൂക്ഷമായി. അതിനുള്ള മുഖ്യകാരണം, യുദ്ധസമയത്ത് ബ്രിട്ടൻ അവരുടെ മേധാവിത്വമുപയോഗിച്ച് ഭാരതത്തിൽ നിന്നും എല്ലാ വിധത്തിലുമുള്ള വിഭവങ്ങൾ സ്വരൂപിച്ചിരുന്നതാണ്. സർക്കാർ ഉദ്യോഗസ്ഥർ, പോലീസ് അകമ്പടിയോടെ ഗ്രാമത്തിലെത്തി യുവജനങ്ങളെ നിർബന്ധിച്ച് ബ്രിട്ടീഷ് സേനയിൽ ചേർത്തു. പട്ടാളത്തിൽ ആളു ചേർക്കുക മാത്രമല്ല, ഇന്ത്യ

യിൽ നിന്ന് യുദ്ധഫണ്ടായി 10 കോടി പൗണ്ട് ഈടാക്കുകയും ചെയ്തു. കൂടാതെ ചരക്കുകളുടെ കയറ്റിറക്കുമതിയിൽ യുദ്ധം ഉണ്ടാക്കിയ സ്വാധീനം കാരണം സാധനങ്ങളുടെ വില കുത്തനെ ഉയർന്നു.

ജനങ്ങളുടെ കഷ്ടപ്പാടുകൾ ഇതുകൊണ്ടൊന്നും തീർന്നില്ല. നാലുവർഷം നീണ്ടുനിന്ന യുദ്ധത്തിനിടയിൽ ഇന്ത്യയിൽ കോളറ, മലേറിയ, പ്ലേഗ്, ഇൻഫ്ളുവെൻസ എന്നീ രോഗങ്ങൾ വ്യാപിച്ചു. ഇൻഫ്ളുവെൻസ കൊണ്ടു തന്നെ രണ്ടു കൊല്ലത്തിനുള്ളിൽ ഏതാണ്ട് ഒന്നരക്കോടി ജനങ്ങൾ മരിച്ചു. എന്നാൽ ബ്രിട്ടീഷ് സർക്കാർ രോഗികളുടെ സംരക്ഷയ്ക്കായോ ചികിത്സയ്ക്കായോ തൃപ്തികരമായ ഒരു ഏർപ്പാടും ചെയ്തില്ല. 1918-ൽ ഉണ്ടായ വരൾച്ചയും കൂടിയായപ്പോൾ പല സ്ഥലങ്ങളിലും ക്ഷാമം ഉണ്ടായി. ഒരു വശത്ത് ഭക്ഷ്യ ഉത്പാദനം കുറഞ്ഞു, മറുവശത്ത് വില ഉയരുകയും ചെയ്തു. രാജ്യമാകെ അശാന്തമായി. ജനങ്ങൾ തങ്ങളുടെ അവകാശങ്ങൾ ഉന്നയിച്ചുതുടങ്ങി.

1918-ൽ ലോകമഹായുദ്ധം അവസാനിച്ചു. ബ്രിട്ടൻ ജയിച്ചു. ഇന്ത്യയിൽ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കാമെന്നും, ഭരണം

മെച്ചപ്പെടുത്താമെന്നും യുദ്ധകാലത്തു ബ്രിട്ടൻ വാഗ്ദാനം ചെയ്തിരുന്നു. പക്ഷെ ഭരണപരിഷ്ക്കാരം നടപ്പാക്കുന്നതിനും ഭാരതീയരെ സഹായിക്കുന്നതിനും പകരം സർക്കാർ അടിച്ച മർത്തൽ നയമാണ് സ്വീകരിച്ചത്.

ഈ വർദ്ധിച്ച അതൃപ്തി മൂന്ന് പ്രസ്ഥാനങ്ങൾക്ക് രൂപം നൽകി. ഇതിൽ രണ്ട് പ്രസ്ഥാനങ്ങളുടെ തയ്യാറെടുപ്പ് ഭാരതത്തിന്റെ പുറത്തും മൂന്നാമത്തേതിന്റേത് ഭാരതത്തിനകത്തും ആയിരുന്നു.

ഗദർ പ്രസ്ഥാനം

രാജ്യത്തിനു പുറത്തുണ്ടായ പ്രസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഗദർപ്രസ്ഥാനമാണു പ്രമുഖം (ഗദറെന്നാൽ വിപ്ലവം). അക്കാലത്ത് വളരെയേറെ ഭാരതീയർ ജോലി അന്വേഷിച്ച് അമേരിക്ക, കാനഡ എന്നീ രാജ്യങ്ങളിൽ ചെന്നു കുടിയേറിയിരുന്നു. അവിടെ അവർ കഠിനമായ അപമാനം സഹിച്ചു.

1913-ൽ കാനഡയിൽ ഒരു സംഘടന രൂപം കൊണ്ടു. ഈ സംഘടന 'ഗദർ' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചു. ആദ്യലക്കത്തിൽ തന്നെ ഇങ്ങനെ എഴുതിയിരുന്നു: "ഇന്ന് മുതൽ നാം പുറം രാജ്യങ്ങളിൽ ബ്രിട്ടനെതിരെ യുദ്ധം ആരംഭിക്കുകയാണ്. ഞങ്ങളുടെ പേരെന്ത്?-ഗദർ! ഞങ്ങളുടെ ജോലി എന്ത്? ഗദർ! ഈ ഗദർ എവിടെ പൊട്ടും?- ഭാരതത്തിൽ!" മാസികയുടെ ഓരോ പുറത്തും സായുധ വിപ്ലവത്തിനുള്ള ആഹ്വാനം ഉണ്ടായിരുന്നു.

ഇതിനിടയിലാണ് 1914- സെപ്തംബർ 29-ന് 'കാമാഗാട്ടാ മാരു' കപ്പൽ സംഭവമുണ്ടായത്. കാനഡയിൽ പ്രവേശിക്കാൻ ശ്രമിച്ച ഒരുകൂട്ടം ഭാരതീയരുടെ നേർക്ക് വെടിവെച്ചു. 18 പേർ കൊല്ലപ്പെട്ടു. 25 പേർക്ക് പരിക്കേറ്റു. ഏകദേശം 200 പേരെ തടവിലാക്കി. അവർ വർഷങ്ങളോളം കാരാഗൃഹ ബന്ധനം സഹിച്ചു. വെടിവെ



യ്പിന്റെ വിവരമറിഞ്ഞതും ദേശ-വിദേശങ്ങളിലെ ഭാരതീയരുടെ ഇടയിൽ ദുഃഖത്തിന്റെയും ക്ഷോഭത്തിന്റെയും അലകളടിച്ചു.

ഇന്ത്യയിൽ സായുധവിപ്ലവം സംഘടിപ്പിക്കാനായി 1915 ഫെബ്രുവരിയിൽ എണ്ണായിരത്തോളം പേർ ഇവിടെ രഹസ്യമായി എത്തി. പക്ഷേ, വിപ്ലവം ഉണ്ടായില്ല. കുറേയധികം വിപ്ലവകാരികൾ പിടിക്കപ്പെട്ടു തടവിലുമായി. അങ്ങനെ ഗദർ വിപ്ലവം അവസാനിച്ചു.

ഖിലാഫത്ത് പ്രസ്ഥാനം

ബ്രിട്ടീഷുകാർക്കെതിരെ ഭാരതത്തിനു വെളിയിൽ പൊട്ടിപ്പുറപ്പെട്ട മറ്റൊരു പ്രസ്ഥാനമായിരുന്നു ഖിലാഫത്ത്. ഇതിന്റെ ആരംഭം തുർക്കിയിലായിരുന്നു. ഈ പ്രസ്ഥാനം വലിയ തോതിൽ ഭാരതത്തിലെ മുസ്ലിങ്ങളെ ആകർഷിച്ചു. ബ്രിട്ടീഷുകാർക്കെതിരായിരുന്നതിനാൽ, അത് ഭാരതത്തിനകത്ത് നടന്നിരുന്ന സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കി ബ്രിട്ടനെതിരെ 'ജിഹാദ്' പ്രഖ്യാപിച്ചിരുന്നു. തുർക്കി സുൽത്താൻ ആ സമയത്ത് ലോകമൊട്ടാകെയുള്ള മുസ്ലിങ്ങളുടെ സർവ്വോന്നത നേതാവായ 'ഖലീഫ' ആയി കണക്കാക്കപ്പെട്ടിരുന്നു. അദ്ദേഹം ഒരു വലിയ സാമ്രാജ്യത്തിന്റെ അധികാരിയുമായിരുന്നതിനാൽ, ഖിലാഫത് പ്രസ്ഥാനം വേഗത്തിൽ ലോകമെങ്ങും പടർന്നുപിടിച്ചു. ഇന്ത്യയിൽ വലിയൊരു നിര മുസ്ലിം നേതാക്കൾ അത്യാവേശത്തോടെ ബ്രിട്ടീഷ് വിരുദ്ധ പ്രസ്ഥാനത്തിലേക്കെടുത്തു ചാടി. ഗാന്ധിജിയും പ്രസ്ഥാനത്തെ സ്വാഗതം ചെയ്തു. ജർമ്മനിയുടെയും തുർക്കിയുടെയും സഹായത്തോടെ, ഭാരതത്തെ സ്വതന്ത്രമാക്കാനുള്ള പദ്ധതികൾ ഉണ്ടാകാൻ തുടങ്ങി. "ആർമി ഓഫ് ഗോഡ്" എന്ന ഒരു സംഘടന രൂപീകരിക്കപ്പെട്ടു. പക്ഷേ ഈ പദ്ധതിയും വിഫലമായി. ചില രഹസ്യരേഖകൾ 1916 ആഗസ്റ്റിൽ പഞ്ചാബ് സർക്കാരിന്റെ കയ്യിൽ പെട്ടതുകാരണം സർക്കാർ ജാഗ്രമാവുകയും പ്രസ്ഥാനം മുന്നോട്ടു കൊണ്ടുപോകാൻ സാധ്യമല്ലാതാവുകയും ചെയ്തു.

ഭാരതത്തിനുള്ളിലെ അവസ്ഥ

ഭാരതത്തിൽ ആ സമയത്ത് എന്താണ് നടന്നിരുന്നത്? ഇവിടെ 'ഹോംറൂൾ പ്രസ്ഥാനം' ശക്തിയാർജിക്കുകയായിരുന്നു. ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത് അസാധാരണരായ രണ്ട് വ്യക്തികളായിരുന്നു: ലോകമാന്യ ബാലഗംഗാധര തിലകനും അയർലന്റുകാരിയായ ശ്രീമതി ആനി ബസന്റും. അവരുടെ കാര്യക്രമം ഭാരതീയരുടെ സ്വഭാവത്തിനും ഭാരതത്തിലെ അന്നത്തെ പരിതഃസ്ഥിതിക്കും അനുയോജ്യമായിരുന്നു. ഒന്നാമത് പ്രസ്ഥാനനേതാക്കൾ ഒന്നും രഹസ്യമായി വയ്ക്കാതെ തുറന്ന് സംസാരിച്ചിരുന്നു.

ബാലഗംഗാധര തിലകൻ

ആനി ബെസന്റ്

ഗോപ്യമായി ഒന്നും ചെയ്തിരുന്നില്ല. രണ്ടാമത്, ഇവരുടെ പ്രസ്ഥാനം സായുധപ്രസ്ഥാനമായിരുന്നില്ല, അഹിംസാപ്രസ്ഥാനമായിരുന്നു.

ഹോംറൂൾ പ്രസ്ഥാനം വളരെ വേഗത്തിൽ വളർന്നു വ്യാപകമായി. ബ്രിട്ടീഷ് സർക്കാർ അതിനെ അമർത്താനുള്ള പദ്ധതികളുമിട്ടു. കൊല്ലങ്ങളോളം ജയിലിൽ കഴിഞ്ഞിരുന്ന ലോകമാന്യതിലകൻ, 1916 ഏപ്രിലിൽ തന്റെ ഹോംറൂൾ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. 1917ലെ വേനൽക്കാലത്ത് ശ്രീമതി ആനി ബസന്റിനെ സർക്കാർ തടവിലാക്കുകയും, മദ്രാസിലെ ഹോം ലീഗിന്റെ പ്രസ് പിടിച്ചെടുക്കുകയും ചെയ്തു. യുദ്ധം അപ്പോഴും തീർന്നിരുന്നില്ല. ആനി ബസന്റിനെ തടവിലാക്കിയതിൽ രാജ്യം രോഷാകുലമായി.

ആ സമയത്ത് ലോകമഹായുദ്ധത്തിൽ അമേരിക്കയും ബ്രിട്ടീഷുകാരുടെ പക്ഷം ചേർന്നു. അമേരിക്കൻ പ്രസിഡന്റ് വിൽസൺ ഭാരതത്തിൽ വളർന്നു വരുന്ന അതൃപ്തി അവസാനിപ്പിക്കുന്നതിന് ബ്രിട്ടന്റെ നയത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടു. തുടർന്ന് 1917 ഓഗസ്റ്റ് 20-ന് ഭാരതത്തിന്റെ ഭരണത്തിൽ പരിഷ്കാരം വരുത്തുന്നതാണെന്ന് ബ്രിട്ടീഷ് സർക്കാർ പ്രഖ്യാപിച്ചു. ഹോം റൂൾ പ്രസ്ഥാനത്തെ ഇത് മന്ദീഭവിപ്പിച്ചു. യുദ്ധത്തിനുശേഷം സ്ഥിതി മെച്ചപ്പെടുമെന്ന് ഭാരതീയർ ആശിച്ചു. പക്ഷേ, ബ്രിട്ടന്റെ ഉദ്ദേശം മറിച്ചായിരുന്നു. 1917 ഡിസംബറിൽ ബ്രിട്ടീഷ് സർക്കാർ, രാജദ്രോഹം നേരിടാനുള്ള ഒരു സമിതി രൂപീകരിച്ചു. അതാണ് റൗലറ്റ് കമ്മിറ്റി എന്ന പേരിൽ അറിയപ്പെടുന്നത്.

1918 ജൂലായിൽ ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഈ റിപ്പോർട്ടിൽ ഭാരതത്തിലെ സ്വാതന്ത്ര്യസമരം കൊള്ളയും കൊലയും നടത്തുന്ന ഗുണ്ടകളുടെ പ്രസ്ഥാനമാണെന്ന് പ്രസ്താവിച്ചിരുന്നു. ഭാരതത്തിലെ ദേശഭക്തർ അരാജകവാദികളാണ്, അവർ പിടിച്ചുപറിയിലും തീവെയ്പിലും കൊലപാതകത്തിലും വിശ്വസിക്കുന്നവരാണ്, അതുകൊണ്ട് സമുദായത്തിന് വലിയ ആപത്താണ്, ഭാരതത്തിൽ സമാധാനഭംഗം ഉണ്ടാകുമെന്ന ഭീതിയുണ്ട് എന്നെല്ലാം കാണിക്കാൻ ഈ റിപ്പോർട്ടിൽ ശ്രമിച്ചിരുന്നു.

ഈ ശല്യക്കാരെ നേരിടുന്നതിൽ തടസ്സങ്ങൾ നേരിടുന്നതിനാൽ, അതിനായി പുതിയ നിയമങ്ങൾ ഉണ്ടാക്കേണ്ടിവരും എന്ന് ഈ റിപ്പോർട്ട് പറഞ്ഞിരുന്നു. ഈ നിയമങ്ങളനുസരിച്ച് പൗരാവകാശങ്ങളിൽ യുദ്ധകാലത്ത് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ തുടരും. ഈ നിർദേശങ്ങൾ നടപ്പാക്കാനായി രണ്ടു നിയമങ്ങൾ അവതരിപ്പിക്കപ്പെട്ടു. ആദ്യത്തെ നിയമമനുസരിച്ച് പത്രങ്ങൾക്കു

മേൽ കർശനമായ നിയന്ത്രണം വയ്ക്കാമായിരുന്നു. രണ്ടാമത്തേതനുസരിച്ച്, ഇന്ത്യക്കാരെ കോടതിയിൽ ഹാജരാക്കാതെ രണ്ടു വർഷം വരെ ജയിലിൽ വയ്ക്കാമായിരുന്നു. ഈ നിർദേശങ്ങൾക്കെതിരെ രാജ്യമെങ്ങും അമർഷമുണ്ടായി. പത്രങ്ങളിതിനെതിരെ എഴുതി; എല്ലായിടത്തും പ്രതിഷേധയോഗങ്ങളുണ്ടായി. പക്ഷേ ബ്രിട്ടീഷ് സർക്കാർ അനങ്ങിയില്ല.

ഗാന്ധിജിയുടെ ആഗമനം

ഈ വേളയിലാണു ഭാരതത്തിന്റെ രാഷ്ട്രീയ ചക്രവാളത്തിൽ ഗാന്ധിജി പ്രത്യക്ഷപ്പെട്ടത്. രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിന് ഗാന്ധിജി അപ്പോൾ മുന്നോട്ട് ഇറങ്ങിയിരുന്നില്ലെങ്കിൽ അതിന്റെ കടിഞ്ഞാൺ അദ്ദേഹത്തിന്റെ കൈയിൽ വന്നെത്തിയില്ലായിരുന്നെങ്കിൽ, നമ്മുടെ സമരത്തിന്റെ ദിശയും സ്വരൂപവും മറ്റൊന്നാകുമായിരുന്നു. ഹോം റൂൾ പ്രസ്ഥാനത്തിൽ, ഭാരതത്തിലെ ബുദ്ധിജീവികളും വിദ്യാസമ്പന്നരായ ഇടത്തരക്കാരും ചേർന്നിരുന്നു. പൊതുജനങ്ങൾ അതിന്റെ ഭാഗമായിരുന്നില്ല. മറുവശത്ത്, അല്പാല്പമായി പല രഹസ്യ പ്രവർത്തനങ്ങളും നടന്നു കൊണ്ടിരുന്നു. അതിൽ സായുധ വിപ്ലവകാരികളായ പല യുവാക്കളും പങ്കെടുക്കുകയും ചെയ്തിരുന്നു.

ഗാന്ധിജിക്കു തുറന്ന പ്രവർത്തനങ്ങളോടായിരുന്നു മമത–ഒരു ഒളിച്ചുവയ്ക്കലും മറയും പാടില്ല. രണ്ടാമതായി, അദ്ദേഹത്തിന്റെ

സമരപരിപാടി പ്രമേയം പാസാക്കലും അത് വൈസ്രോയിയുടെയോ, ബ്രിട്ടീഷ് മേലധികാരികളുടെയോ, സമക്ഷം സമർപ്പിക്കലും മാത്രമല്ലായിരുന്നു. മറിച്ച് രാഷ്ട്രം മുഴുവനും പങ്കെടുക്കുന്ന ജനകീയ വിപ്ലവമായിരുന്നു. സമരങ്ങൾ, പൊതുയോഗങ്ങൾ, പ്രകടനങ്ങൾ എന്നിങ്ങനെയുള്ള പരിപാടികൾ ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു തുടങ്ങി.

ഈ പരിപാടി ഒരു നിസ്സഹകരണപ്രസ്ഥാനത്തിന്റെ രൂപം കൊണ്ടു. പൊതുജനങ്ങൾ ഈ സമരത്തിൽ പങ്കെടുക്കുവാനായി വൻതോതിൽ മുന്നോട്ടുവന്നു. ഇന്ത്യൻ ജനത ഉത്സുകരായി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുന്നതുവരെ ഈ പ്രസ്ഥാനം വിജയമാവില്ല എന്നു ഗാന്ധിജിക്ക് ഉറപ്പായിരുന്നു. സ്വാതന്ത്ര്യസമരത്തെ സംബന്ധിച്ച് ഗാന്ധിജിക്കുണ്ടായിരുന്ന ആശയം പുതിയതും, വ്യത്യസ്തവുമായിരുന്നു. അദ്ദേഹം ആയുധങ്ങളിൽ വിശ്വസിച്ചിരുന്നില്ല. അഹിംസാത്മകമായ രീതിയിൽ ബ്രിട്ടനെതിരെ പൊരുതണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിരുന്നത്. ഈ സമരത്തിൽ ഹിംസയ്ക്ക് ഒരിക്കലും സ്ഥാനമില്ല. എന്തെല്ലാം പ്രതികൂല സാഹചര്യങ്ങളുണ്ടായാലും ഭാരതീയർ അക്രമമാർഗ്ഗം ഉപയോഗിച്ചുകൂടാ. നമ്മുടെ ത്യാഗം ശത്രുവിനെ സ്വന്തം പ്രവൃത്തികളുടെ അനീതി ബോധ്യപ്പെടുത്തും. പ്രതിയോഗിയുടെ ഹൃദയത്തെ സ്പർശിക്കുന്നതിലാണ് അദ്ദേഹം വിശ്വസിച്ചത്. ആന്തരികശക്തിയിൽ ഗാന്ധിജി വിശ്വസിച്ചു. അക്രമമാർഗമുപയോഗിക്കാതെ തന്നെ ബ്രിട്ടീഷ് നിയമങ്ങളെ നിഷേധിക്കേണ്ടതുണ്ടെന്ന് അദ്ദേഹം കരുതി.

ശത്രുക്കൾ നമ്മെ വെടിവെച്ചാലും നാം തിരിച്ച് അവരെ വെടിവെയ്ക്കരുത്; പകരം നമ്മുടെ അഹിംസാസമരത്തിലുള്ള നിശ്ചയം തുടർന്നുകൊണ്ടിരിക്കണം. ദൃഢമായ ഈ മനോഭാവം ജനങ്ങളിലാകെ ഉണ്ടാക്കുക എന്നത് ചെറിയൊരു കാര്യമല്ല. ഇതിനെയാണ് ഗാന്ധിജി സത്യഗ്രഹമെന്ന് പറഞ്ഞിരുന്നത്.

റൗലറ്റ് ബിൽ

1919 ഫെബ്രുവരി 20-ന് റൗലറ്റ് ആക്റ്റിനെതിരെയുള്ള തന്റെ സത്യ ഗ്രഹപരിപാടികൾ വിശദീകരിക്കുന്ന ഒരു കത്ത് ഗാന്ധിജി വൈസ്രോയിയുടെ പ്രൈവറ്റ് സെക്രട്ടറിക്കയച്ചു. കേട്ടുകേൾവി പോലുമില്ലാത്ത ഒരു സമരരീതിയായിരുന്നു ഇത്.

വൈസ്രോയ് അതിന് ഒരു മറുപടിയും നൽകിയില്ല. ഉടൻ തന്നെ തന്റെ സത്യഗ്രഹപ്രസ്ഥാനം ആരംഭിക്കുമെന്ന് ഗാന്ധിജി പ്രഖ്യാപിച്ചു. അതിനടുത്ത ദിവസം തന്നെ, സഹപ്രവർത്തകരോ ടൊപ്പം, അദ്ദേഹം സത്യഗ്രഹത്തിനുള്ള സത്യപ്രതിജ്ഞ ചെയ്തു. വൈസ്രോയിയുടെ പ്രൈവറ്റ് സെക്രട്ടറിയെ ഉടൻ തന്നെ ഒരു ടെലിഗ്രാം മുഖേന സത്യഗ്രഹത്തിന്റെ സ്വഭാവം അറിയിക്കുകയും ചെയ്തു. ഈ കത്തിനും ബ്രിട്ടീഷുകാരിൽ നിന്നും പ്രതികരണ മൊന്നുമുണ്ടായില്ല.

1919-മാർച്ച് 1-ന് സത്യഗ്രഹ വിപ്ലവത്തിനു തുടക്കമിട്ടു. അന്ന് ഗാന്ധിജി വിവിധ പത്രമാസികകളിൽ കത്തിന്റെ രൂപത്തിൽ ഒരു പ്രസ്താവന പ്രസിദ്ധീകരിച്ചു. അതിൽ ചേർത്തിരുന്ന സത്യഗ്രഹ പ്രതിജ്ഞയുടെ ചില ഭാഗങ്ങൾ ഇങ്ങനെയായിരുന്നു:

> **ഞങ്ങൾ** പൂർണബോധത്തോടെ അഭിപ്രായ**പ്പെടുന്നതെ ന്തെന്നാൽ,** ഈ ബില്ലുകൾ...അനീതിയാണ്, **സ്വാതന്ത്ര്യ** ത്തിന്റെയും നീതിയുടെയും തത്വങ്ങളെ **അട്ടിമറിക്കുന്ന** വയാണ്...ഈ ബില്ലുകൾ നിയമമായാൽ അവ പിൻവലി ക്കപ്പെടുന്നതുവരെ ഞങ്ങൾ പാലിക്കുന്നതല്ല എന്ന് **ഒറ്റ** ക്കെട്ടായി നിശ്ചയിക്കുന്നു... അതോടൊപ്പം **ഞങ്ങൾ** വീണ്ടും ഉറപ്പിക്കുന്നു - ഈ സമരത്തിൽ സത്യത്തെ പാലിക്കും, വ്യക്തിയോടോ ജീവനോടോ വസ്തുക്ക **ളോടോ ഉള്ള അഹിം**സയും പാലിക്കും.

അതിനുശേഷം, ഉടൻ തന്നെ ഗാന്ധിജി ദേശപര്യടനത്തിന് പുറപ്പെട്ടു. അദ്ദേഹം ഡൽഹി, ബോംബെ, മദ്രാസ്, ഉത്തർപ്രദേശ് എന്നീ സ്ഥലങ്ങളിലൂടെ സഞ്ചരിച്ചു. വൻതോതിലുള്ള ബഹുജന സമ്പർക്കം നടത്തിക്കൊണ്ട്, തന്റെ പ്രസ്ഥാനത്തിന്റെ ആണിക്കല്ല് അഹിംസയാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

1919 മാർച്ച് 11-ന് അദ്ദേഹം വൈസ്രോയിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് ഒരു കമ്പിസന്ദേശംകൂടെ അയച്ചു – റൗലറ്റ് പ്രമേയങ്ങൾക്ക് നിയമങ്ങളുടെ രൂപം നൽകാൻ സർക്കാർ ധൃതി പിടിക്കരുതെന്നും, ജനങ്ങളുടെ അഭിപ്രായത്തെ ആദരിക്കണമെന്നും, അവർക്ക് മുന്നിൽ തലകുനിക്കുന്നതുകൊണ്ട് സർക്കാരിന്റെ മഹത്വം കൂടുകയേയുള്ളു, കുറയുകയില്ലെന്നും അതിനാൽ ഇനിയും സമയമുണ്ടെന്നും ആ കമ്പിയിൽ പറഞ്ഞിരുന്നു.

ബ്രിട്ടീഷ് സർക്കാർ ഗാന്ധിജിയുടെ വാക്കുകളൊന്നും കേട്ടില്ല. 1919 മാർച്ച് 18-ന് റൗലറ്റ് പ്രമേയങ്ങളിൽ ഒന്ന് നിയമമാക്കി. 'റൗലറ്റ് ആക്റ്റ്' എന്ന് അത് അറിയപ്പെട്ടു.

1919 മാർച്ച് 24-ാം തിയതി ഗാന്ധിജി ഇപ്രകാരം ഒരു പ്രഖ്യാപനം നടത്തി: ഒരു രാജ്യത്തെ ഏതെങ്കിലും നിയമം തങ്ങളുടെ രാജ്യത്തെ പ്രതിലോമമായി ബാധിക്കുമെന്ന് ജനങ്ങൾ കരുതുന്നുവെങ്കിൽ അതിനെ എതിർക്കേണ്ടതു ജനങ്ങളുടെ കർത്തവ്യമാണ്. ഇന്ത്യൻ ജനത അക്രമത്തെ തള്ളിക്കളയുന്നു. ഇന്നത്തെ സാഹചര്യത്തിൽ സ്വന്തം ഹൃദയത്തിൽ ഒട്ടും ശത്രുതയും ഈർഷ്യയും ഇല്ലാതെ ജനങ്ങൾ അവരുടെ പ്രതിഷേധം പ്രകടിപ്പിക്കും.

പൊടുന്നനേ അക്രമരഹിത പ്രതിഷേധങ്ങൾ നാടൊട്ടുക്കും ആരംഭിച്ചു. പ്രസ്ഥാനത്തിന്റെ തുടക്കം, ഗാന്ധിജിയുടെ ഒരു ദിവസത്തെ നിരാഹാരവ്രതത്തോടെയായിരുന്നു. ഇത് ഒരു രാഷ്ട്രീയ സമരത്തെ സംബന്ധിച്ചിടത്തോളം അസാധാരണമായ ഒന്നായിരുന്നു. രാജ്യത്തെ ജനങ്ങളെയെല്ലാം ഇത് അഗാധമായി സ്വാധീനിച്ചു.

സത്യഗ്രഹ പ്രസ്ഥാനം ബ്രിട്ടീഷ് സാമ്രാജ്യത്തിന് വലിയ ഭീഷണി ആയി വന്നിരിക്കുകയാണെന്ന് ബ്രിട്ടീഷ് ഭരണകർത്താക്കൾ പറഞ്ഞു. അഫ്ഗാനിസ്ഥാൻ, സോവിയറ്റ് റഷ്യ, തുർക്കി എന്നീ ദേശങ്ങളിൽ നിന്നും, ഭാരതത്തിനകത്തുള്ള സായുധരായ വിപ്ലവകാരികളിൽ നിന്നും ഉള്ള ഭീഷണിക്കൊപ്പമാണിതെന്നവർ പറഞ്ഞു. അതുകൊണ്ട് എതിർപ്പിനെ അമർച്ച ചെയ്യുവാൻ വേണ്ട നയങ്ങൾ ബ്രിട്ടീഷ് സർക്കാർ സ്വീകരിക്കേണ്ടതുണ്ട് - ഇതായിരുന്നു ഔദ്യോഗിക വീക്ഷണം. എന്നാൽ, വാസ്തവത്തിൽ ഈ വാദങ്ങൾ തികച്ചും നുണയായിരുന്നു. യുദ്ധത്തിൽ ബ്രിട്ടൻ വിജയിച്ചിരുന്നു. പിന്നെ അവർക്ക് എവിടെ നിന്നാണ് ആപത്ത് വരുന്നത്? എന്നിട്ടും ബ്രിട്ടീഷ് സർക്കാർ സത്യഗ്രഹവിപ്ലവത്തെ 'ക്രിമിനൽ കോൺസ്പിറസി' (കുറ്റകരമായ ഗൂഢാലോചന) എന്നു വിളി

ക്കുകയും സത്യഗ്രഹത്തിന്റെ മുഖ്യലക്ഷ്യം, ദേശത്തിലെ നിയമങ്ങളെ ലംഘിക്കുകയാണെന്നതുകൊണ്ട്, സമാധാനപരമായ സമരങ്ങൾ പോലും നിയമവിരുദ്ധമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. കാരണം അവ ജനവികാരത്തെ ഉണർത്തുമത്രെ.

ഇതുകൊണ്ടും കാര്യങ്ങൾ അവസാനിച്ചില്ല. സർക്കാർ ഗാന്ധിജിക്ക് ദുഷ്പേര് ഉണ്ടാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. ഗാന്ധിജിക്ക് അഫ്ഗാനിസ്ഥാൻ, റഷ്യ, തുർക്കി, ജർമ്മനി എന്നീ വിദേശരാജ്യങ്ങളിൽ നിന്നും സഹായം ലഭിക്കുന്നുണ്ടെന്നും, ഗദർ പ്രസ്ഥാനത്തിലെ അവശേഷിച്ചിരുന്ന വിപ്ലവകാരികൾ ഗാന്ധിജിയുടെ പിന്നിലാണെന്നും അവർ പറഞ്ഞുണ്ടാക്കാൻ തുടങ്ങി. ജപ്പാനിലെയും റഷ്യയിലെയും വിപ്ലവകാരികൾ, അമൃത്സറിനെ തങ്ങളുടെ കേന്ദ്രമാക്കി വച്ചിരിക്കുകയാണെന്നും, സത്യഗ്രഹ പ്രസ്ഥാനത്തിന് പിന്നിലുള്ളത് ജർമ്മനി ആണെന്നും ഒക്കെ പറയുന്നതു വരെ അവർ പോയി.

സമാധാനപരമായ ഒരു പ്രസ്ഥാനത്തെ ബ്രിട്ടീഷുകാർ ആക്രമിക്കുമ്പോൾ ഇത്തരം കഥകൾ പ്രചരിപ്പിക്കുന്നത്, അടിച്ചമർത്തൽ ഒഴിവാക്കാനാവാത്തതായിരുന്നു എന്നു വരുത്താനാണ്.

പഞ്ചാബിലെ സ്ഥിതി

ദേശവ്യാപകമായ സത്യഗ്രഹ ത്തിന്റെ പശ്ചാത്തലത്തിൽ പഞ്ചാബിലെ സ്ഥിതി എന്താ യിരുന്നു?

സത്യഗ്രഹവിപ്ലവം രാജ്യ മൊട്ടാകെ വ്യാപിച്ചിരുന്നു. എന്നാൽ പഞ്ചാബ് അതിന്റെ അച്ചുതണ്ടായിരുന്നു. പഞ്ചാ ബിലെ ജനങ്ങൾ വളരെ ഉത്സാ ഹത്തോടെ അതിൽ പങ്കു ചേർന്നിരുന്നു. റൗലറ്റ് പ്രമേയ ങ്ങൾക്കെതിരായി ഏറ്റവുമ ധികം പ്രകടനങ്ങളും ജാഥകളും പഞ്ചാബിലാണ് ഉണ്ടായത്.

ഇത് പഞ്ചാബിലെ ലെഫ്റ്റനന്റ് ഗവർണർ, മൈക്കേൽ ഒ'ഡ്വ യറെ കുപിതനാക്കി. ഒ'ഡ്വയർ കടുപ്പക്കാരനായ ഒരു ചൂടൻ മനു ഷ്യനായിരുന്നു. പഞ്ചാബിലെ ജനങ്ങൾ ബ്രിട്ടീഷ് ആധിപത്യത്തെ എതിർക്കുകയില്ലെന്നാണ് അയാൾ വിചാരിച്ചിരുന്നത്. കാരണം, യുദ്ധസമയത്ത് ബ്രിട്ടീഷ് സർക്കാരിന് ഏറ്റവുമധികം സഹായം പഞ്ചാബിൽ നിന്നാണ് ലഭിച്ചത്. പഞ്ചാബികൾ തന്നെ വഞ്ചിച്ച

മൈക്കേൽ ഒ'ഡ്വയർ

യി അദ്ദേഹത്തിനു തോന്നാൻ തുടങ്ങി. കാരണം, ഏറ്റവുമധികം എതിർപ്പ് പഞ്ചാബിൽ നിന്നാണ് പൊന്തിവന്നിരുന്നത്. അമൃത്സറിനെ ഒരു വിപ്ലവനഗരമായിട്ടാണ് കണക്കാക്കിയിരുന്നത്. അമൃത്സർ എക്കാലവും പഞ്ചാബിലെ ഒരു പ്രധാന നഗരമായിരുന്നു. അന്ന് അവിടുത്തെ ജനസംഖ്യ ഒന്നര ലക്ഷമായിരുന്നു. കൂടാതെ അമൃത്സർ സിക്കുകാരുടെ സർവപ്രധാന ആരാധനസ്ഥലവുമായിരുന്നു. ഒരു വലിയ വാണിജ്യകേന്ദ്രവുമായിരുന്ന അമൃത്സറിന് രാജ്യത്തിലെ ഇതര പട്ടണങ്ങളും നഗരികളുമായി ബന്ധവുമുണ്ട്.

സ്വാതന്ത്ര്യസമരം പല പുതിയ നേതാക്കളെയും മുന്നോട്ടു കൊണ്ടുവരാൻ തുടങ്ങി. അമൃത്സറിലെ തന്നെ രണ്ടു വ്യക്തികളുടെ നാമധേയങ്ങൾ എല്ലാവരുടെയും നാവിലുണ്ടായിരുന്നു. ഒന്ന്, ജർമ്മനിയിൽ നിന്ന് ബാരിസ്റ്ററായി വന്ന യുവാവായ ഡോക്ടർ കിച്‌ലു; മറ്റൊന്ന് ഒരു ഡോക്ടറാണെങ്കിലും ദേഹം കൊണ്ടും ദേഹികൊണ്ടും സ്വാതന്ത്ര്യസമരത്തിലെ പ്രസരിപ്പുള്ള പ്രവർത്തകനായിരുന്ന ഡോക്ടർ സത്യപാൽ. ഈ രണ്ടു നേതാക്കളും കോൺഗ്രസിലെ അംഗങ്ങളായിരുന്നു.

1918 ഡിസംബറിൽ ഈ രണ്ടു നേതാക്കളും കോൺഗ്രസിന്റെ ഒരു സമ്മേളനത്തിൽ പങ്കെടുത്തു. അടുത്ത സമ്മേളനം പഞ്ചാ



ഡോ. കിച്‌ലു

ഡോ. സത്യപാൽ

ബിൽ ആകാമെന്ന് കോൺഗ്രസ് പ്രവർത്തകസമിതിക്ക് ഇവർ ക്ഷണം നൽകുകയും ചെയ്തിരുന്നു. ഈ ക്ഷണം സ്വീകരിക്കപ്പെട്ടു. അതോടെ ഇവരുടെ പ്രസിദ്ധിയും സ്വാധീനവും വർദ്ധിച്ചു. ഈ രണ്ടു നേതാക്കന്മാരും റൗലറ്റ് നിർദ്ദേശങ്ങൾക്കെതിരെയും മറ്റു ചില പ്രാദേശിക പ്രശ്നങ്ങളിലും വളരെ സമർപ്പണബുദ്ധിയോടെ പ്രവർത്തിച്ചു പോരുകയായിരുന്നു. ഇപ്പോൾ ഗാന്ധിജിയുടെ സത്യഗ്രഹപ്രസ്ഥാനം പഞ്ചാബ് ആവേശത്തോടെ പരക്കെ സ്വാഗതം ചെയ്തു തുടങ്ങി.

1919 മാർച്ച് 21-ന് അമൃത്സറിലെ 'വക്ത്' എന്ന ഒരു പത്രത്തിൽ ഒരു കാർട്ടൂൺ പ്രസിദ്ധീകരിച്ചു. അതിൽ യുദ്ധം കഴിഞ്ഞിട്ടും ബ്രിട്ടീഷ് സർക്കാർ ഭാരതത്തോടു തുടർന്ന അന്യായങ്ങൾ ചിത്രീകരിച്ചിരുന്നു. ബ്രിട്ടനിലെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ, ഭാരതത്തിന് 'ആസാദി കീ സന്ദ്' (മെഡൽ) കൊടുക്കുവാൻ ഭാവി

ജാലിയൻവാലാ ബാഗ് എങ്ങനെയായിരുന്നു?

തുറസ്സായ ഈ സ്ഥലം അമൃത്സറിലാണ്. ഒരു കാലത്ത്, പണ്ഡിറ്റ് ജല്ല എന്നൊരാൾ അവിടെ ഒരു ഉദ്യാനം ഉണ്ടാക്കി. അതാണ് ജാലിയൻ വാലാ ബാഗ്. (ജല്ലയുടെ ഉദ്യാനം)

1919–ൽ ജാലിയൻ വാലാ ബാഗ്, കുണ്ടും കുഴിയും നിറഞ്ഞ ഒരു സ്ഥലമായിരുന്നു. ചുറ്റും വീടുകൾ വന്നപ്പോൾ, വീടുകളുടെ പിൻമതിലുകളാണ് ബാഗിനെ അഭിമുഖീകരിച്ചിരുന്നത്. ഈ മൈതാനത്തിൽ യോഗങ്ങളും മറ്റും കൂടാറുണ്ടായിരുന്നു. നഗരത്തിൽ നിന്നുള്ള നാല് ഇടവഴികൾ മൈതാനത്തിലേക്കു വന്നെത്തിയിരുന്നു. ആ കൂട്ടത്തിൽ, ചന്തയിൽ നിന്നുള്ള ഇടുങ്ങിയ ഇടവഴിയിലൂടെ വന്നാൽ ബാഗിലെ ഉയർന്ന സ്ഥലത്ത് എത്താനാകാമായിരുന്നു.



ക്കെ, മിസ്റ്റർ റൗലറ്റ്, തന്റെ ബാഗ് തുറക്കുന്നു. അതിൽ നിന്ന് സർട്ടിഫിക്കറ്റിനു പകരം ഒരു കരിനാഗം ഭാരതീയരുടെ മുമ്പിൽ വീഴുന്നതാണ് കാർട്ടൂണിൽ കാണിച്ചിരുന്നത്. ഈ കാർട്ടൂൺ കണ്ട് മൈക്കേൽ ഒ'ഡ്വയർ വളരെ കുപിതനായി.

ഈ സമയത്താണ് റൗലറ്റ് നിർദേശങ്ങൾ നിയമമാക്കി മാറ്റിയത്. പെട്ടെന്ന് ഗാന്ധിജി മാർച്ച് 30-ന് ദേശമൊട്ടാകെ ഹർത്താൽ ആചരിക്കുവാൻ ആഹ്വാനം നൽകി. പക്ഷേ, ഹർത്താലിനുള്ള ഒരുക്കങ്ങൾക്ക് സമയം ആവശ്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഏപ്രിൽ 6-ലേക്ക് ഹർത്താൽ നീട്ടിവയ്ക്കാൻ തീരുമാനിച്ചു. എന്നാൽ തിയതി നീട്ടിയ വിവരം അമൃത്സറിലും മറ്റനേകം സ്ഥലങ്ങളിലും സമയത്തിന് അറിയിക്കാൻ കഴിഞ്ഞില്ല.

1919 മാർച്ച് 29

വൈകുന്നേരം 4.30ന് ജാലിയൻവാലാ ബാഗിൽ ഒരു യോഗം കൂടി. അതിൽ ആയിരക്കണക്കിന് ആളുകൾ പങ്കെടുത്തു. അടുത്ത ദിവസം നടത്താൻ പോകുന്ന ഹർത്താലിനുള്ള ഏർപ്പാടു ചെയ്യുക എന്നതായിരുന്നു ഉദ്ദേശം. ഈ യോഗം ബ്രിട്ടീഷ് ഗവർമെന്റിനെതിരെ ജനവികാരം ഇളക്കാൻ ശ്രമിച്ചു എന്ന് പിന്നീട് ബ്രിട്ടീഷ് ഭരണകൂടം അവകാശപ്പെട്ടു. യഥാർത്ഥത്തിൽ, എതിർക്കപ്പെടേണ്ട ഒരു വാക്കുപോലും ആ യോഗത്തിൽ ഉയർന്നിരുന്നില്ല.

യോഗത്തിൽ ഡോക്ടർ സത്യപാൽ ആണ് ആദ്യം പ്രസംഗിച്ചത്. അദ്ദേഹം തികച്ചും വ്യക്തമായും ശക്തമായും ജനങ്ങളോട്, സമാധാനം നിലനിർത്താനും, സമാധാനപരമായി ഹർത്താൽ നടത്താനും ആവശ്യപ്പെട്ടു. സർക്കാരിനോ പോലീസിനോ എതിരെ ഒരു വാക്കുപോലും ഉച്ചരിക്കരുതെന്നും സർക്കാരിന്റെ അടിച്ചമർത്തൽ നയങ്ങൾക്കെതിരെ ജനങ്ങൾക്കുള്ള അമർഷം പ്രകടിപ്പിക്കാൻ മാത്രമാണ് സമരം നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

യുദ്ധകാലത്ത് ഇന്ത്യക്കാർ ബ്രിട്ടീഷ് സർക്കാരിനെ പരമാവധി സഹായിച്ചിട്ടുണ്ടെന്നും അതിനു പകരമായി ഭാരതത്തിനു ലഭിച്ചത് 'അടിമച്ചങ്ങലകൾ' ഒന്നുകൂടി മുറുക്കിക്കെട്ടൽ ആണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

പിന്നീട് ഡോക്ടർ കിച്‌ലു പ്രസംഗിച്ചു. യുദ്ധകാലത്ത് ബ്രിട്ടീഷ് സർക്കാർ, ഭാരതത്തിന്റെ സ്വാമിഭക്തിയെ അഭിനന്ദിക്കുകയും, പുരോഗമനപരമായ പരിഷ്കാരങ്ങളെക്കുറിച്ച് പ്രഖ്യാപനം നടത്തുകയും ചെയ്തു. നമ്മുടെ ലക്ഷ്യം ഹോംറൂൾ ആണെന്നും അങ്ങനെയുള്ള ഹോംറൂൾ ബ്രിട്ടന്റെ സ്വയം ഭരണമുള്ള പല ഡൊമിനിയനുകളിലും കാണപ്പെടുന്നുണ്ടെന്നും അദ്ദേഹം അനുസ്മരിച്ചു.

> 'ഞങ്ങൾ പോലീസുകാർക്കോ ഉദ്യോഗസ്ഥർക്കോ യാതൊരു നഷ്ടവും വരുത്താൻ ആഗ്രഹിക്കുന്നില്ല. ഗാന്ധിജിയുടെ കൽപന, പോലീസുകാരുടെയോ, സർക്കാർ ഉദ്യോഗസ്ഥനുടെയോ നേർക്ക് കൈ ഉയർത്തരുതെന്നാണ്, അവർ ആക്രമിച്ചാൽ പോലും'
> ഡോക്ടർ കിച്‌ലു പറഞ്ഞു.

ഈ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച ഗിരിധരിലാൽ സമരത്തിൽ പങ്കെടുക്കാൻ ആരും നിർബന്ധിതരല്ലെന്നും, സ്വമനസ്സാലെ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാത്രം ചേർന്നാൽ മതിയെന്നും, അല്ലാത്തവർക്ക്, ഇതിൽ നിന്ന് വിട്ടു നിൽക്കാൻ സ്വാതന്ത്ര്യമുണ്ടെന്നും വ്യക്തമാക്കി.

1919 മാർച്ച് 30

മാർച്ച് 30. എല്ലാ ജാതിമതസ്ഥരും തെരുവിൽ എത്തിച്ചേർന്നു. കടകളെല്ലാം ഉടമസ്ഥർ സ്വയം അടച്ചിട്ടു. എല്ലാം നിശ്ചലമായി. ഒരു കുതിരവണ്ടിപോലും ഓടിയിരുന്നില്ല. ഹർത്താൽ വിജയകരമായിരുന്നു. അടുത്ത ദിവസം പത്രങ്ങളിൽ ഈ വിവരം തലക്കെട്ടിൽ

അച്ചടിച്ചു. അന്നു വൈകുന്നേരം തന്നെ ജാലിയൻവാലാ ബാഗിൽ ഒരു പൊതുയോഗം ഉണ്ടായി. ഡോക്ടർ കിച്‌ലു ആയിരുന്നു അധ്യക്ഷൻ. യോഗത്തിനുള്ള സമയം 4.30 ആയിരുന്നു. എന്നാൽ 40000-ത്തിൽ കൂടുതൽ ജനങ്ങൾ കൂടിയിരുന്നതിനാൽ 4 മണിക്ക് മുമ്പുതന്നെ യോഗം ആരംഭിച്ചു.

ഈ യോഗത്തിൽ പ്രസംഗങ്ങൾ കൂടാതെ, രണ്ടു പ്രമേയങ്ങളും പാസാക്കപ്പെട്ടു. ഒന്ന്, റൗലറ്റ് ആക്റ്റിനെ എതിർക്കുന്നതും അതു പിൻവലിക്കാനാവശ്യപ്പെടുന്നതുമായ പ്രമേയം; മറ്റൊന്ന് യോഗത്തിന്റെ നിശ്ചയങ്ങൾ കമ്പിസന്ദേശമായി ഗാന്ധിജിക്കും പത്രങ്ങൾക്കും ഉടൻ എത്തിച്ചു കൊടുക്കുക എന്ന തീരുമാനം.

ഇമ്മാതിരി ഒരു ഹർത്താൽ ഡൽഹിയിലും ഉണ്ടായി. അവിടെയും ദേശമൊട്ടുക്കുമുള്ള ഹർത്താൽ മാറ്റിവച്ച വിവരം സമയത്തിന് കിട്ടിയിരുന്നില്ല. ഡൽഹിയിൽ ഹിംസാത്മകമായ പല സംഭവങ്ങളും നടന്നു. ഹർത്താൽ ദിവസം കുറച്ചു വാളണ്ടിയർമാർ റെയിൽവേസ്റ്റേഷനിൽ പോയി. റെയിൽവേ കാന്റീൻ ജീവനക്കാരോട് ഹർത്താലിൽ പങ്കെടുക്കാൻ അവർ ആവശ്യപ്പെട്ടു. എന്നാൽ തൊഴിലാളികൾ വിസമ്മതിക്കുകയും അവർക്കിടയിൽ വഴക്കുണ്ടാവുകയും ചെയ്തു. കാര്യം ഗുരുതരമായി. കുറച്ചുസമയത്തിനുള്ളിൽ തന്നെ റെയിൽവേ പോലീസുകാർ അവിടെ എത്തുകയും വെടിവെയ്ക്കുകയും ചെയ്തു. എട്ടു പേർ കൊല്ലപ്പെട്ടു; അതിന്റെ ഇരട്ടിപേർക്ക് പരിക്കേറ്റു.

അന്നു വൈകുന്നേരം ഡൽഹിയിൽ ഒരു പൊതുയോഗം ഉണ്ടായി. സ്വാമി ശ്രദ്ധാനന്ദൻ ആയിരുന്നു അധ്യക്ഷൻ. അവിടെയും പോലീസ് എത്തി. എന്നാൽ സമാധാനലംഘനം ഉണ്ടാകുകയില്ലെന്നു സ്വാമി ഉറപ്പുകൊടുത്തതിനാൽ പോലീസ് അവിടെനിന്ന് പിൻമാറി. സ്വാമിയുടെ പ്രസംഗശേഷം ആളുകൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു ഘോഷയാത്ര നടത്തവേ സായുധ പോലീസ് അവരെ തടഞ്ഞു. തന്റെ മാറ് കാട്ടിക്കൊണ്ട് തന്നെ വെടിവച്ചുകൊ

ള്ളാൻ ശ്രദ്ധാനന്ദൻ പോലീസിനെ വെല്ലുവിളിച്ചു. അപ്പോൾ അവിടെ കുതിരപ്പുറത്തെത്തിയ ഒരു സർക്കാർ മേധാവി പോലീസിനോട് പിൻവാങ്ങാൻ ആവശ്യപ്പെട്ടു.

അടുത്ത ദിവസം, മാർച്ച് 31-ന് വൈകുന്നേരം ഡൽഹിയിൽ ഒരു വലിയ ഘോഷയാത്ര നടന്നു. തലേന്ന് പോലീസുകാരുടെ വെടിയുണ്ടകൾക്കിരയായവരുടെ ശവശരീരങ്ങൾ വഹിച്ചുകൊണ്ടായിരുന്നു ഘോഷയാത്ര. ഈ സംഭവങ്ങൾ തീർച്ചയായും പഞ്ചാബിലെ ജനങ്ങളുടെ വികാരം ആളിക്കത്തിച്ചു.

ഹിന്ദു-മുസ്ലിം സഹകരണത്തിന്റെ രംഗം

ബോംബെ ക്രോണിക്ൾ എന്ന പത്രത്തിന്റെ ഡൽഹി ലേഖകൻ 1919 ഏപ്രിൽ 4-ന് അയച്ച വാർത്തയിൽ നിന്നുള്ള ചില ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്:

> ദൽഹി ദുരന്തത്തിലെ രക്തസാക്ഷികളുടെ ആത്മാക്കൾക്കുവേണ്ടി വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കു ശേഷം ജുമാമസ്ജിദിൽ നടക്കുന്ന മരണാനന്തര ചടങ്ങുകളിൽ എല്ലാവരും സംബന്ധിക്കണമെന്ന് കച്ചവടക്കാരായ ഏതാനും മുസൽമാന്മാർ ഒപ്പുവച്ച് പുറപ്പെടുവിച്ച ഒരു അറിയിപ്പിൽ ആവശ്യപ്പെട്ടിരുന്നു. ഈ വാർത്ത വളരെ വേഗം പരന്നു. ഹിന്ദുക്കളും പ്രാർത്ഥനയിൽ പങ്കെടുക്കാൻ തയ്യാറായി. ഈ വെള്ളിയാഴ്ചത്തെ പ്രാർത്ഥനയിൽ, പതിവിൽ കവിഞ്ഞ്, പതിനയ്യായിരത്തോളം മുസ്ലിങ്ങൾ സംബന്ധിച്ചിരുന്നു. ഒരു സാധാരണ വെള്ളിയാഴ്ചത്തെ പ്രാർത്ഥനയിൽ പ്രതീക്ഷിക്കാത്തത്ര പേർ. തുടർന്നു സംഭവിച്ചത് ഇന്ത്യയുടെയും ഇസ്ലാമിന്റെയും ചരിത്രത്തിൽ, ഏറ്റവും ശ്രദ്ധേയമായി നിലനിൽക്കാനിടയുള്ള ഒരു സംഗതിയാണ്. ആയിരക്കണക്കായ ഹിന്ദുക്കൾ, മരണാനന്തരച്ചടങ്ങിൽ സംബന്ധിക്കാനായി പള്ളിയിൽ എത്തി. അവരെ മുസൽമാന്മാർ തികഞ്ഞ ആദരവോടും ഒരു നിയന്ത്രണവുമില്ലാതെയും സ്വീകരിച്ച് പള്ളിക്കുള്ളിൽ മുസ്ലിങ്ങളുടെ അടുത്തുതന്നെ ഇരുത്തി.

1919 ഏപ്രിൽ 2

ആയിടയ്ക്ക് ഗാന്ധിജിയുടെ അനുയായി ആയിരുന്ന സ്വാമി സത്യ ദേവ് പഞ്ചാബിൽ പര്യടനത്തിനായി വരികയും, ഓരോ സ്ഥലത്തും ആത്മബലത്തിന്റെ മഹത്വത്തെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. ഏപ്രിൽ 2-ന് ജാലിയൻവാലാ ബാഗിലെ മൈതാനത്തിൽ സ്വാമി സത്യദേവ് 7000 ശ്രോതാക്കളെ അഭിസംബോധന ചെയ്തു. ഒരു സാഹചര്യത്തിലും ലഹളയ്ക്കിടവരുത്തരുതെന്നും ഉദ്യോഗസ്ഥർക്കെതിരായി ഒരു ശബ്ദവും പുറപ്പെടുവിക്കരുതെന്നും പല തവണ അദ്ദേഹം ജനങ്ങളെ പറഞ്ഞു മനസ്സിലാക്കി.

1919 ഏപ്രിൽ 5

ഏപ്രിൽ 6-ന് വീണ്ടും ഹർത്താൽ ഉണ്ടാകേണ്ടതായിരുന്നു. അതൊഴിവാക്കാൻ മൈക്കൽ ഒ'ഡ്വയർ ആവുന്നത്ര പ്രയത്നിച്ചു. ഡോക്ടർ കിച്‌ലു യോഗങ്ങളിൽ പ്രസംഗിക്കുന്നത് അനുവദിച്ചിരുന്നില്ല. ഗാന്ധിജി പഞ്ചാബിൽ പ്രവേശിക്കുന്നതും തടഞ്ഞിരുന്നു. അമൃത്സറിലെ ഡെപ്യൂട്ടി കമ്മീഷണർ ഏപ്രിൽ 5-ന് ഒരു പൗരയോഗം വിളിച്ചുകൂട്ടി. അതിൽ സർക്കാർ പക്ഷക്കാരായ കുറെ റായി ബഹദൂർ, ഖാൻ ബഹദൂർമാർ പങ്കെടുക്കുകയും ചെയ്തു. ഡെപ്യൂട്ടി കമ്മീഷണർ, അവിടെ സന്നിഹിതരായവരോട് ഹർത്താൽ തടസ്സപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചു. അതിൽ അദ്ദേഹം വിജയിക്കുകയും, അമൃത്സറിൽ ഏപ്രിൽ 6-ന് ഹർത്താൽ ഉണ്ടാകുകയില്ലെന്ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

കോൺഗ്രസ്സിന്റെ യുവപ്രവർത്തകർ ഈ വിവരം അറിഞ്ഞപ്പോൾ വളരെ ക്ഷോഭിച്ചു. അവർ ഓരോ വീട്ടിലും ചെന്ന്, ഈ ഹർത്താൽ പിൻവലിച്ചിട്ടില്ലെന്നും, ഹർത്താൽ തീർച്ചയായും ഉണ്ടാകുമെന്നും ജനങ്ങളെ അറിയിക്കാൻ തീരുമാനിച്ചു. അന്ന് അവിടെ ഒരു ക്രിക്കറ്റ് മാച്ച് നടക്കുകയായിരുന്നു. അത് ആയിരക്ക


NATIONAL HUMILIATION DAY
FIRING IN LAHORE
UNIQUE HINDU-MOSLEM FRATERNISATION.
PROTEST AGAI
LEGISL
SHOOTING OF CITIZENS OF DELHI.
PEOPLE NEEDLESSLY PROVOKED.
AHMEDABAD CROWDS FIRED ON.
SEVEN PERSONS
SATYAGRAHA
SATYAGRAHA AT WORK
"BLACK SUNDAY"
GREAT POPULAR DEMONSTRATION AGAINST THE BLACK ACT.
Bombay Chronicle, 4 April 1919
If you value your freedom you will join.
MOURNING.
SHOPS CLOSED YESTERDAY.
PROCESSION.
AUTHORITIES STIL
MR. GANDHI ARRESTED!
Bombay Chronicle, 11 April 1919
ORDER NOT TO ENTER THE PUNJAB OR DELHI!
TAKEN TO UNKNOWN DESTINATION!
MESSAGE TO HIS COUNTRYME
AMRITSAR AND AHMEDABAD.

ന്നക്കിനാളുകൾ കണ്ടുകൊണ്ടിരുന്നു. ഡോക്ടർ കിച്ലുവും, ഡോക്ടർ സത്യപാലും വൈകുന്നേരമായപ്പോഴേക്കും അവിടെ എത്തുകയും കാണികളോട് അടുത്ത ദിവസം ഹർത്താൽ തീർച്ചയായും ഉണ്ടാകുമെന്ന് അറിയിക്കുകയും ചെയ്തു.

1919 ഏപ്രിൽ 6

അടുത്ത ദിവസം അങ്ങനെ തന്നെ സംഭവിച്ചു. ഹർത്താൽ പൂർണമായിരുന്നു. ചെറിയ ചെറിയ കച്ചവടക്കാർ, പാൽക്കച്ചവടക്കാർ എന്നിവർ പോലും അതിൽ പങ്കുചേർന്നു. അത് തികച്ചും സമാധാനപൂർണ്ണമായിരുന്നു.

അന്ന് വൈകുന്നേരം ജാലിയൻവാലാ ബാഗിൽ ഒരു പൊതുയോഗം കൂടുകയും അതിൽ 50000 പേർ പങ്കെടുക്കുകയും ചെയ്തു. പ്രസംഗങ്ങൾക്കും കവിതകൾക്കും പുറമെ, മൂന്നു പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു. ഒന്നാമത്തേതിൽ ബ്രിട്ടീഷ് ചക്രവർത്തിയോട് റൗലറ്റ് ആക്റ്റ് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. രണ്ടാമത്തേതിൽ, ഡോക്ടർ കിച്ലുവും സത്യപാലും പ്രസംഗിക്കുന്നതിനെതിരായുള്ള വിലക്കുകൾ പിൻവലിക്കാൻ പഞ്ചാബിലെ ലെഫ്റ്റനെന്റ് ഗവർണറോട് അപേക്ഷിച്ചു. മൂന്നാമത്തേതിൽ, സത്യഗ്രഹപ്രസ്ഥാനത്തോട് ബഹുമാനം പ്രകടിപ്പിക്കുകയും സത്യഗ്രഹകമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ഉയർത്തുകയും ചെയ്തു.

അവസാനം ബാരിസ്റ്റർ ബദർ-ഉൽ-ഇസ്ലാം-അലിഖാൻ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു,

> 'മഹാത്മാഗാന്ധി നമുക്കു നൽകിയ ആഹ്വാനമനുസരിച്ച് നാം പൂർണ ധൈര്യത്തോടും സഹിഷ്ണതയോടും കൂടി, എല്ലാവിധ ദുഃഖങ്ങളും ക്ലേശങ്ങളും സഹിക്കും. സത്യം ജയിക്കുകയും അസത്യം തോൽക്കുകയും ചെയ്യും. നിങ്ങൾ സമാധാനത്തോടും ശാന്തതയോടും സഹനശക്തിയോടും ഇരിക്കുകയാണെങ്കിൽ അതിന്റെ പ്രഭാവം എല്ലാവ

> രിലും ഉണ്ടാകും. പക്ഷേ, എവിടെയെങ്കിലും ചെറിയൊരു കുഴപ്പമു ണ്ടായാൽ, വെറും രണ്ടുപേർ തമ്മിലുള്ള വഴക്കായാൽ പോലും അതിന്റെ അനന്തരഫലം മോശമായിരിക്കും. യോഗം ഫലപ്രദമല്ലാതാ വുകയും ചെയ്യും. അതുകൊണ്ട് ശ്രോതാക്കളോട് ഞാൻ അപേക്ഷി ക്കുകയാണ്, സമാധാനപരമായി ജീവിക്കുക; ഒരു തരത്തിലുമുള്ള ഘോഷയാത്രയും പ്രകടനവും വേണ്ട.'

ഗാന്ധിജി തന്റെ സത്യഗ്രഹവിപ്ലവം ഏപ്രിൽ 7-ന് ആരംഭിക്കു മെന്ന് പ്രഖ്യാപിച്ചു. ഏപ്രിൽ 6-ലെ ഹർത്താൽ വിജയകരവും സമാധാനപരവുമായിരുന്നു. എന്നാൽ സത്യഗ്രഹം ആരംഭിച്ച തിന്റെ മൂന്നാം ദിവസം തന്നെ, അമൃത്സറിലെ സ്ഥിതി വഷളാ കാൻ തുടങ്ങി. അതിന്റെ പ്രധാന കാരണം ലെഫ്റ്റനന്റ് ഗവർണ റുടെ കുത്തിത്തിരിപ്പുകളായിരുന്നു.

1919 ഏപ്രിൽ 7

ഏപ്രിൽ -7ന് 'സത്യഗ്രഹി' എന്നപേരിൽ ഒരു പത്രം ഗാന്ധിജി തുടങ്ങി. ഈ പത്രം തുടങ്ങുന്നതിന് സർക്കാരിന്റെ സമ്മതം വാങ്ങിയിരുന്നില്ല. അത് രജിസ്റ്റർ ചെയ്തിരുന്നുമില്ല. ഇത് ഇന്ത്യൻ പ്രസ് നിയമങ്ങളെ ലംഘിക്കലായിരുന്നു. പത്രത്തിൽ ഗാന്ധിജി, സത്യഗ്രഹികൾക്കും പൊതുജനങ്ങൾക്കും വേണ്ടി, നാല് പുസ്ത കങ്ങൾ ശുപാർശ ചെയ്തിരുന്നു. ബ്രിട്ടീഷ് സർക്കാർ നിരോധി ച്ചവയാണ് ഈ നാലുപുസ്തകങ്ങളുമെന്നതിനാൽ ഈ ശുപാർശ ഒരു സിവിൽ നിയമലംഘനമായി വ്യാഖ്യാനിക്കപ്പെട്ടു. ഈ പുസ്തകങ്ങൾ 'ഹിന്ദ് സ്വരാജ്', 'സർവോദയ് അഥവാ വിശ്വവ്യാപി പ്രഭാത്', 'സത്യഗ്രഹ് കീ കഹാനി', 'മുസ്തഫാ കമാൽ പാഷാ കീ ജീവനീ തഥാ യോഗദാൻ' എന്നിവയായിരുന്നു. ഇതിൽ ആദ്യത്തെ മൂന്നെണ്ണം ഗാന്ധിജി സ്വയം എഴുതിയതായിരുന്നു. ജനങ്ങളെ നയിക്കുന്ന സത്യഗ്രഹികൾക്ക് തങ്ങൾ നേരിടാൻ ഇട യുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ ഒരു സഹായ

മെന്നതിനാലാണ് ഈ പുസ്തകങ്ങൾ തിരഞ്ഞെടുത്തത്. കൂടാതെ യാതൊരു തരത്തിലുമുള്ള അക്രമത്തെയും സ്വീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ അരുതെന്ന പാഠവും ഈ പുസ്തകങ്ങൾ ഉൾക്കൊണ്ടിരുന്നു.

അന്നു പഞ്ചാബിലെ ലഫ്റ്റനന്റ് ഗവർണർ ലാഹോറിലെ ലജിസ്ലേറ്റീവ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. യോഗം അവസാനിച്ചപ്പോൾ അദ്ദേഹം പത്രക്കാരോടും, രാഷ്ട്രീയപ്രവർത്തകരോടും, സർക്കാരിനെതിരായി എന്തെങ്കിലും എഴുതുകയോ പറയുകയോ ചെയ്താൽ മാപ്പുണ്ടാവില്ലെന്ന് താക്കീത് നൽകി.

1919 ഏപ്രിൽ 8

ഏപ്രിൽ 8-ന് അമൃത്സറിലെ ഡെപ്യൂട്ടി കമ്മീഷണർ, ലാഹോറിലെ കമ്മീഷണർക്ക്, അമൃത്സറിലെ അവസ്ഥയെക്കുറിച്ച് ഒരു നീണ്ട കത്തെഴുതി. അദ്ദേഹം അതിന്റെ ഒരു കോപ്പി ലെഫ്റ്റനന്റ് ഗവർണർ, മൈക്കേൽ ഒ'ഡ്വയറിനും അയച്ചുകൊടുന്നു. എഴുത്തിലെ ഒരു ഭാഗം താഴെ കൊടുക്കുന്നു.

> "നമുക്ക്, നമ്മുടെ അധികാരം സ്ഥാപിക്കാനായി, ഇന്നല്ലെങ്കിൽ നാളെ സമാധാനഭംഗമുണ്ടാക്കുന്ന ഘോഷയാത്രയോ സമരമോ തടയേണ്ടിവരും. ഇതിനായി ശരിക്കും വേണ്ടത്ര ശക്തമായ സേനയെ കൊണ്ടുവരേണ്ടി വരും. അമൃത്സർ ആരാണു ഭരിക്കുന്നതെന്നു വ്യക്തമാക്കിക്കൊടുക്കേണ്ടതുണ്ട്. ഇതിനായി എനിക്ക് ലാഹോറിൽനിന്ന് സഞ്ചരിക്കുന്ന ഒരു കോളം പട്ടാളം ആറുമണിക്കൂർ അറിയിപ്പിൽ കിട്ടാനാവണം. നമ്മുടെ ഖാൻ ബഹാദൂർമാരും റായ് ബഹാദൂർമാരും ചത്തപോലെയാണ്. സ്വാധീനമുള്ള പുതിയ നേതാക്കളുമായി സമ്പർക്കം പുലർത്താൻ ഞാൻ ശ്രമിക്കുകയാണ്. ഡോ. കിച്‌ലുവിനെ സ്വാധീനിക്കാനാവുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ, ആ മനുഷ്യൻ പ്രസ്ഥാനത്തിൽ വളരെ ആഴത്തിൽ മുഴുകിയിരിക്കുകയാണ്.."

1919 ഏപ്രിൽ 9

അമൃത്സറിൽ സമാധാനപരമായ അന്തരീക്ഷം ഉണ്ടായതിന്റെ മുഖ്യകാരണം ഹിന്ദു-മുസ്ലിം ഐക്യമായിരുന്നു. ഒറ്റ രാഷ്ട്രത്തിനുള്ള ആഗ്രഹം ജനങ്ങളെ ഒന്നിപ്പിച്ചു. ഇതിന്റെ സ്പഷ്ടമായ ഉദാഹരണം മാർച്ച് 30-നും ഏപ്രിൽ 6-നും കണ്ടുകഴിഞ്ഞിരുന്നു.

ഏപ്രിൽ 9-ന് രാമനവമി ഉത്സവമായിരുന്നു. അമൃത്സറിലെ ജനങ്ങൾ അന്ന് 'രാഷ്ട്രീയ ഏകതാദിവസ'മായി ആഘോഷിക്കാൻ നിശ്ചയിച്ചു. ഉച്ചയ്ക്ക് നടത്തിയ ഘോഷയാത്രയിൽ വലിയ തോതിൽ മുസ്ലിങ്ങളും പങ്കെടുത്തു. ഹിന്ദുക്കൾ ദേവീ-ദേവതകളെ പൂജിക്കുന്നതോടൊപ്പം തന്നെ,'മഹാത്മാഗാന്ധി കീ ജയ്, ഹിന്ദു-മുസൽമാൻ കീ ജയ്' എന്നീ മുദ്രാവാക്യങ്ങളും മുഴക്കിയിരുന്നു.

ഇന്ത്യക്കാരുടെ ആദർശധീരതയുടെ ശോഭനമായ ഒരു പ്രകടനമായിരുന്നു ഇത്. അമൃത്സറിലെ ബ്രിട്ടീഷ് ഡെപ്യൂട്ടി കമ്മീഷണർ, അലഹബാദ് ബാങ്കിന്റെ വരാന്തയിൽ നിന്ന് രാമനവമി ഉത്സവം കാണുകയായിരുന്നു. ഏതെങ്കിലും ബാൻഡ് പാർട്ടി, അദ്ദേഹത്തിന്റെ മുമ്പിൽ കൂടെ കടന്നുപോകുമ്പോൾ, അദ്ദേഹത്തെ തിരിച്ചറിയുകയാണെങ്കിൽ, അവർ നിൽക്കുന്നും ബ്രിട്ടീഷുകാരുടെ ദേശീയഗാനമായ "ഗോഡ് സേവ് ദി കിങ്" എന്ന ഗാനം പാടുകയും ചെയ്തിരുന്നു.

ബ്രിട്ടീഷുകാർക്കു നേരെ ഭാരതീയരുടെ മനസ്സിൽ യാതൊരു ശത്രുതയും ഉണ്ടായിരുന്നില്ലെന്ന് ഇതിൽനിന്നും വ്യക്തമായിരുന്നു. പൂർണ്ണ ബഹുമാനത്തോടെ തന്നെയാണ് അവർ ഈ ഗാനം പാടിയിരുന്നതും.

രാമനവമി ഘോഷയാത്ര സമാധാനപൂർവം നടന്നു. നേതാക്കളെ പ്രസംഗങ്ങൾ നടത്തുന്നതിൽനിന്നു വിലക്കിയിരുന്നു. ഒരിടത്തും ഒരു കുഴപ്പവും ഉണ്ടായില്ല. അമൃത്സറിലെ തെരുവുകളിൽ വളരെ യൂറോപ്യന്മാർ ഒരു കുഴപ്പവുമില്ലാതെ നടക്കുന്നുണ്ടായിരുന്നു.

രാമനവമി ആഘോഷങ്ങൾ സമാധാനപൂർവം നടന്നുവെന്ന് ലഫ്റ്റനന്റ് ഗവർണർക്ക് വിവരം ലഭിച്ചു. എന്നിട്ടും അദ്ദേഹം ഡോ. കിച്ലുവിനെയും ഡോ. സത്യപാലിനെയും അറസ്റ്റുചെയ്യാനായി ആജ്ഞാപിക്കുകയും അവ'രെ ധർമശാല (ഹിമാചൽ പ്രദേശിലെ ഒരു കുന്നിൻപ്രദേശം) യിലേക്ക് കൊണ്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. ഇത്തരത്തിൽ പ്രകോപനപരമായ ഒരു നടപടി എടുക്കുന്നതിലൂടെ അമൃത്സറിലെ ജനങ്ങളുടെ ക്ഷമ നശിക്കുമെന്നും അത് അവർക്കെതിരെ നടപടി എടുക്കാൻ തനിക്കവസരം നല്കുമെന്നും അദ്ദേഹം കരുതി. ഏപ്രിൽ 13 ന് സേനയുടെ വിവിധ വിഭാഗങ്ങളെ അമൃത്സറിലേക്ക് ഏർപ്പാടു ചെയ്തു. 'ഭീഷണി' വ്യക്തമാക്കാനുള്ള ദിവസമായിരുന്നു അത്.

പലയിടത്തും പോലീസുകാരെ നിയോഗിച്ചു.

1919 ഏപ്രിൽ 10

ഏപ്രിൽ 10-നു തന്നെ ഡോ. കിച്ലുവിനെയും ഡോ. സത്യപാലിനെയും ഡെപ്യൂട്ടി കമ്മീഷണറുടെ വീട്ടിലേക്കു വിളിക്കുകയും അവിടെനിന്ന് രണ്ടുപേരെയും മോട്ടോർ കാറിൽ 'ധർമ്മശാല'യിലേക്ക് കൊണ്ടുപോകുകയും ചെയ്തു.

മൈക്കേൽ ഒ'ഡ്വയർ, ഗാന്ധിജിക്ക് അമൃത്സറിലേക്കും;

ഡൽഹിയിലേക്കും പ്രവേശനം കൊടുക്കുകയില്ലെന്ന് നിശ്ചയിച്ചു. മറ്റൊരുത്തരവുപ്രകാരം, ഗാന്ധിജി ബോംബെയിൽ നിന്ന് പുറത്തു പോകാൻ പാടില്ലെന്നും വിലക്കുണ്ടായിരുന്നു. ഇതൊന്നും കണക്കാക്കാതെ ഗാന്ധിജി പഞ്ചാബിലേക്ക് പുറപ്പെട്ടു. യാത്രാമധ്യേ അദ്ദേഹത്തെ തടഞ്ഞപ്പോൾ, അദ്ദേഹം പറഞ്ഞു, "ഞാൻ ഒരു അത്യാവശ്യ ക്ഷണം സ്വീകരിച്ച് പഞ്ചാബിൽ പോകുകയാണ്; അവിടെ അസമാധാനം സൃഷ്ടിക്കാനല്ല; ഒഴിവാക്കാനാണ് പോകുന്നത്. അതുകൊണ്ട് എനിക്ക് നിങ്ങളുടെ ആജ്ഞ അനുസരിക്കാൻ കഴിയാത്തതിൽ ഖേദമുണ്ട്."

പൽവൽ സ്റ്റേഷനിലെത്തിയപ്പോൾ ഗാന്ധിജിയെ വണ്ടിയിൽ നിന്നും ഇറക്കി ബോംബേക്കു പോകുന്ന വേറെ ഒരു വണ്ടിയിൽ കയറ്റി ഇരുത്തി. അദ്ദേഹം അപ്പോൾ ഇന്ത്യക്കാരോടായി ഇങ്ങനെ പറഞ്ഞു: "എന്റെ അറസ്റ്റിൽ ആരും കോപിക്കരുത്. ആരുംതന്നെ ഹിംസയുടെയോ, അസത്യത്തിന്റെയോ മാർഗ്ഗം സ്വീകരിച്ച് ദോഷകരമായ ഒരു പ്രവൃത്തിയും ചെയ്യരുത്."

ഗാന്ധിജിയുടെ അറസ്റ്റ് ജനങ്ങളിൽ അതൃപ്തി ഉണ്ടാക്കുമെ

ന്നും, ഹിംസാത്മകമായ സംഭവങ്ങൾ ഉണ്ടായേക്കാം എന്നും കരുതി അധികാരികൾ മുൻകൂട്ടിത്തന്നെ തയ്യാറെടുത്തു. അമൃത്സറിലെ കോട്ടയിൽ, കോട്ടക്കു നേരെയോ റെയിൽവേ സ്റ്റേഷനു നേരെയോ ജനരോഷം തിരിഞ്ഞാൽ നിറയൊഴിക്കാൻ മടിക്കരുതെന്ന നിർദ്ദേശത്തോടെ തോക്കുകൾ ചൂണ്ടിവെയ്ക്കാൻ കല്പനയുണ്ടായി.

ഡോ. കിച്ലുവിന്റെയും, ഡോ. സത്യപാലിന്റെയും അറസ്റ്റു വിവരം അറിഞ്ഞപ്പോഴേക്കും പട്ടണത്തിൽ ഹർത്താൽ തുടങ്ങി. കോൺഗ്രസ് പ്രവർത്തകർ, ജനങ്ങളോട്, കടകൾ അടച്ച് 'എച്ചിസൻപാർക്കി'ൽ ഒന്നിച്ചുചേരാൻ ആവശ്യപ്പെട്ടു. അവിടെ നിന്നും എല്ലാവരും ചേർന്ന്, ഡെപ്യൂട്ടി കമ്മീഷണറുടെ വസതിയിൽ പോയി, രണ്ടു നേതാക്കളെയും മോചിപ്പിക്കാൻ ആവശ്യപ്പെടാം എന്നായിരുന്നു അവരുടെ പദ്ധതി.

പതിനൊന്നര മണിയോടുകൂടി കടകളെല്ലാം അടച്ച് ജനങ്ങൾ 'ഹാൾ ബാസാറി' ൽ ഒന്നിച്ചുകൂടി. ഹാൾ ഗേറ്റിലൂടെ കടന്നുപോവുകയായിരുന്ന ജനങ്ങൾ ഹാൾ ബ്രിഡ്ജിൽ എത്തിയപ്പോഴേക്കും അവിടെ കുതിരപ്പോലീസുകാരുടെ സംഘം ആദ്യം തന്നെ നിലയുറപ്പിച്ചിരുന്നു.

ഇതുവരെ കുഴപ്പങ്ങളൊന്നുമുണ്ടായില്ല, ടൗൺഹാളിനു മുമ്പിലുള്ള ജനക്കൂട്ടം അവിടെയുണ്ടായിരുന്ന ചില ബ്രിട്ടീഷുകാരുടെ നേർക്ക് എത്തിയെങ്കിലും ആരും അവരോടൊന്നും പറഞ്ഞില്ല. പക്ഷേ, കുതിരപ്പോലീസ് ജനക്കൂട്ടത്തെ തടഞ്ഞു. മുന്നോട്ടു പോകാൻ അനുവദിച്ചുമില്ല. ചിലർ മുന്നോട്ടു പോകാൻ ശ്രമിച്ചപ്പോൾ മറ്റുള്ളവർ അവരെ തടഞ്ഞു. ഇതിനിടയിൽ ഡെപ്യൂട്ടി കമ്മീഷണർ ഇർവിംഗും ക്യാപ്റ്റൻ മാസ്സെയും എത്തിച്ചേർന്നു. ഒരു സേനാവിഭാഗം കൂടെ എത്തി. എന്നിട്ട് രണ്ടു സൈനികർ കുതിരപ്പുറത്തുനിന്നിറങ്ങി, നിലയെടുത്തു നിന്ന് ജനക്കൂട്ടത്തിലേക്ക് വെടിവെച്ചു. കുറച്ചുപേർ അവിടെത്തന്നെ കുഴഞ്ഞുവീഴുക

യും, കുറച്ചുപേർക്ക് മുറിവേൽക്കുകയും ചെയ്തു. പക്ഷേ, ജന ക്കൂട്ടം അവിടെത്തന്നെ നിന്നു.

ഒരു മണിയോടുകൂടി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പ്ലോമർ അവിടെ എത്തി. അദ്ദേഹത്തിന്റെ കൂടെ 24 പോലീസുകാരും 7 കുതിരപ്പോലീസുകാരും ഉണ്ടായിരുന്നു. ഉറപ്പിച്ച ബയണറ്റുകളു മായി പോലീസുകാർ ജനക്കൂട്ടത്തിനു നേരെ നീങ്ങി. ജനങ്ങൾ പിന്നോട്ട് മാറാൻ തുടങ്ങി. അപ്പോൾ അവിടെ ഒരു ഇൻഫൻട്രി കാലാൾപ്പട കൂടെ എത്തിച്ചേർന്നു.

ഇതിനകം ജനക്കൂട്ടം വളരെയധികം ക്ഷുഭിതരായിക്കഴിഞ്ഞിരു ന്നു. സ്വന്തം നേതാക്കന്മാരെ മോചിപ്പിക്കുന്നതിൽ അവർ പരാജയ പ്പെട്ടു. കൂടാതെ, അവരുടെ കൂട്ടത്തിലുള്ളവർ കൊല്ലപ്പെടുകയും മുറിവേൽക്കുകയും ചെയ്തു. കോപാകുലരായെങ്കിലും ജനങ്ങൾ കൊല്ലപ്പെട്ടവരും മുറിവേറ്റവരുമായ സഹപ്രവർത്തകരുടെ ശരീര ങ്ങളുമെടുത്തുകൊണ്ട് ഹാൾ മാർക്കറ്റിലേയ്ക്ക് നടന്നതേയുള്ളൂ. നഗരത്തിൽ മുഴുവൻ കാവൽപ്പോലീസിനെ നിർത്തിയിട്ടുണ്ടെന്ന വിവരം അപ്പോഴാണ് അവർ അറിഞ്ഞത്. കോപാവേശിതരായ ജന ങ്ങൾ കാരിയേജ് പാലത്തിനു നേരെ തിരിച്ചു. അപ്പോൾ അവർ ലാത്തികളും വടികളും എടുത്തിരുന്നു.

പാലത്തിന്റെ ഒരു വശത്ത് ജ്വലിച്ചുനിൽക്കുന്ന ജനക്കൂട്ടം, മറുവ ശത്ത് ഡെപ്യൂട്ടി കമ്മീഷണർ ഇർവിംഗും ആയുധധാരികളായ സൈനികരും. സന്ദർഭത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കി രണ്ടു വക്കീലന്മാർ-സലാരിയും, മക്ബുൽ മഹമൂദും ജനങ്ങളോടും മേധാവികളോടും സമാധാനം നിലനിർത്തുവാൻ അഭ്യർത്ഥിച്ചു. എന്നാൽ ജനക്കൂട്ടത്തിൽ നിന്ന് ചിലർ, സൈനികർക്കു നേരെ കമ്പും കല്ലും എറിഞ്ഞു. ഉടൻതന്നെ പട്ടാളം വെടിവെക്കുകയും 20 പേർ കൊല്ലപ്പെടുകയും ചെയ്തു. കൂടുതൽ പേർക്ക് പരിക്കുമേ റ്റു. വെടിവെപ്പിനു മുമ്പ് യാതൊരു മുന്നറിയിപ്പും നൽകിയിരുന്നി ല്ല. രണ്ടു വക്കീലന്മാരും ഒരു വിധത്തിൽ രക്ഷപ്പെട്ടു. മക്ബുൽ



മഹമൂദ് ഓടി സിവിൽ ആശുപത്രിയിൽ എത്തി. പരിക്കേറ്റവരെ സ്ട്രെച്ചറിൽ കിടത്തി ആശുപത്രിയിലെത്തിക്കാനേർപ്പാടു ചെയ്തു. എന്നാൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ബ്ലോമർ, ആശുപത്രിയിൽ നിന്ന് ആർക്കും ഒരു ശുശ്രൂഷയും നൽകരുതെന്ന് ആജ്ഞ നൽകി.

ജനങ്ങൾ കോപംകൊണ്ട് ഭ്രാന്തരായി. ചിലർ കമ്പിയാപ്പീസ് ആക്രമിക്കുകയും, ടെലിഗ്രാഫ് അധികാരിയെ, അയാളുടെ വീട്ടിൽനിന്ന് വലിച്ചിറക്കിക്കൊണ്ടു വരികയും ചെയ്തു. പക്ഷേ, റെയിൽവേസ്റ്റേഷനിൽ നിന്നു കമ്പിയാപ്പീസിന്റെ സുരക്ഷയ്ക്കായി അയച്ച സേന അയാളെ രക്ഷപ്പെടുത്തി. ഈ സമയം ഒരു കൂട്ടം ആൾക്കാർ റെയിൽവേ ചരക്ക് ഡിപ്പോ ആക്രമിച്ചു. സ്റ്റേഷൻ സൂപ്രണ്ട് കഷ്ടിച്ചു രക്ഷപ്പെട്ടുവെങ്കിൽ ഒരു കാവൽക്കാരൻ ആക്രമണത്തിൽ മരിച്ചു. നാഷണൽ ബാങ്കിൽ മൂന്ന് ബ്രിട്ടീഷുകാർക്കു ജീവൻ നഷ്ടമായി. ബാങ്ക് കെട്ടിടം അഗ്നിക്കിരയായി. തുണിത്തരങ്ങളുടെ നിലവറയായിരുന്ന ബാങ്ക് ഗോഡൗൺ കൊള്ളയടിക്കപ്പെട്ടു. അലിയാൻസ് ബാങ്കിലെ മാനേജരും കൊല്ലപ്പെടുകയും ബാങ്ക് കൊള്ളയടിക്കപ്പെടുകയും ചെയ്തു. ചാർട്ടേഡ് ബാങ്കും കൊള്ള

യടിക്കപ്പെട്ടു. പക്ഷേ മാനേജരെയും അദ്ദേഹത്തിന്റെ സഹായിയെയും ഇന്ത്യക്കാരായ ജോലിക്കാർ രക്ഷപ്പെടുത്തി. ഇപ്രകാരം, ഒരു ബ്രിട്ടീഷ് മഹിളയായ മിസ് ഷെർവുഡ് ആക്രമിക്കപ്പെട്ടെങ്കിലും ഒരു ഭാരതീയൻ അവരെയും രക്ഷിച്ചു. വേറെയും പല കെട്ടിടങ്ങൾക്കും തീവച്ചു; കൊള്ളയടിച്ചു; മറ്റു ചിലരും കൊല്ലപ്പെട്ടു.

പിന്നീട് ഡപ്യൂട്ടി കമ്മീഷണർ മിസ്റ്റർ ഇർവിംഗ്, വെടിവെപ്പ് സംഭവത്തിനു മുമ്പ് ജനങ്ങളിൽ ബ്രിട്ടീഷുകാരോട് ഒരു വിരോധവും ഉണ്ടായിരുന്നില്ലെന്ന് സമ്മതിച്ചു. ജനങ്ങളെ വെടിവെച്ചത് തെറ്റാണെന്നും അദ്ദേഹം സമ്മതിച്ചു. ജനങ്ങൾക്കെതിരെ വെടിവയ്ക്കുന്നത് ന്യായീകരിക്കപ്പെടാമോ എന്ന ചോദ്യം പരക്കെ ഉയർന്നു. “വിദേശികളെ ആക്രമിക്കാനുള്ള തീരുമാനം പൊടുന്നനെയും പ്രവചിക്കാൻ സാധിക്കാത്തതുമായിരുന്നു. അത് ജനങ്ങൾക്ക് നേരെ നിറയൊഴിച്ചതിനുശേഷമാണുണ്ടായത്. ഈ അവസ്ഥയ്ക്ക് യാതൊരു ന്യായീകരണവുമില്ല. ഒരു കൂട്ടം കുതിരപ്പട്ടാളത്തിന് തടുക്കാൻ കഴിയാത്ത പ്രകടനമൊന്നുമുണ്ടായിരുന്നില്ല അപ്പോൾ.”

അമൃത്സറിൽ ഒന്നിനു പുറകെ ഒന്നായി സൈന്യവിഭാഗങ്ങൾ വന്നുചേർന്നു. ഏപ്രിൽ 10-ന് വൈകുന്നേരം ലെഫ്റ്റനന്റ് ഗവർണർക്ക് അമൃത്സറിലെ സംഭവങ്ങളെക്കുറിച്ച് വിവരം നൽകി. അദ്ദേഹം കമ്മീഷണർ കിച്ചിനെ അമൃത്സറിലേക്ക് അയച്ചു.

1919 ഏപ്രിൽ 11

ഏപ്രിൽ 11-ന് അമൃത്സറിൽ ‘പട്ടാളനിയമം’ നടപ്പിലാക്കി. അതനുസരിച്ച് ശവസംസ്കാരജാഥയുടെ കൂടെ നാലിൽ കൂടുതൽ വ്യക്തികൾക്ക് പോകാൻ അനുവാദമില്ലായിരുന്നു. (പിന്നീട് എട്ട് ആക്കി മാറ്റി) ഘോഷയാത്രകളും, യോഗങ്ങളും പൂർണ്ണമായും നിരോധിച്ചു. എവിടെയെങ്കിലും നാലിൽ കൂടുതൽ പേർ നിൽക്കുന്നതു കണ്ടാൽ അവരെ വെടിവെക്കാമെന്നായിരുന്നു. പതിനഞ്ചു മിനിട്ട് ഇടവേളയോടെ എട്ട് പേരുടെ അകമ്പടിയോടെ, ശവമഞ്ചം

അവസാന കർമ്മത്തിനായി കൊണ്ടുപോകാം.

ജനങ്ങൾ ക്ഷുഭിതരായി. മരിച്ചവരുടെ ശവമഞ്ചങ്ങൾ, ബന്ധുമിത്രാദികൾ ചേർന്ന്, ശവസംസ്കാരത്തിനു കൊണ്ടുപോകാൻ അവർ ആഗ്രഹിച്ചിരുന്നു. പക്ഷേ, സർക്കാരിന്റെ മനസ്സിൽ മറ്റൊന്നായിരുന്നു. ബ്രിട്ടീഷുകാർ കൊല്ലപ്പെട്ടതുകൊണ്ട്, പകരം ഇന്ത്യക്കാരും കൊല്ലപ്പെടണം. എവിടെയൊക്കെ നിയമം ലംഘിക്കപ്പെടുന്നുവോ അവിടെയൊക്കെ പട്ടാളശക്തി പ്രയോഗിക്കപ്പെടണം. അമൃത്സറിൽ ബോംബിടേണ്ടി വന്നാൽ അതും ആവാം.

അമൃത്സറിലെ അറിയപ്പെടുന്ന ഇംഗ്ലീഷുകാരിൽ ഒരാളായിരുന്നു കോളെജ് പ്രിൻസിപ്പലായ മി. വാഥെൻ. കാര്യങ്ങൾ മിതമായും വിവേചനത്തോടും ചെയ്യണമെന്നദ്ദേഹം അപേക്ഷിച്ചു. പക്ഷേ, ഡെപ്യൂട്ടി കമ്മീഷണർ ആക്രോശിച്ചു, “ഇനി സംസാരമില്ല. നമ്മുടെ ആൾക്കാരുടെ പാതി വെന്ത ശവശരീരങ്ങൾ നമ്മൾ കണ്ടു. ഇനി നമ്മുടെ ‘മൂഡ്’ പഴയപോലല്ല.”

പിന്നീട് അദ്ദേഹത്തിന്റെ സമീപനം കുറച്ചു ശാന്തമായി. എങ്കിലും, ഉച്ചയ്ക്ക് രണ്ടു മണിയോടുകൂടി അന്തിമ സംസ്കാരത്തിന്റെ എല്ലാ ചടങ്ങുകളും തീർന്നിരിക്കണമെന്നായിരുന്നു ആജ്ഞ. രണ്ടു മണിക്ക് സൈറൺ അടിക്കും. എന്നിട്ടും ജനങ്ങൾ പിരിഞ്ഞുപോയില്ലെങ്കിൽ 15 മിനിട്ടിനകം വെടിവെക്കും.

ഏപ്രിൽ 11-ന് വൈകുന്നേരം, ജലന്തർ ബ്രിഗേഡിന്റെ കമാണ്ടറായ ആർ.ഇ.എച്. ഡയർ അമൃത്സറിൽ എത്തി.

1919 ഏപ്രിൽ 12

അടുത്തദിവസം, അതായത് ഏപ്രിൽ 12-ന് ജനറൽ ഡയർ 125 ബ്രിട്ടീഷ് സൈനികരോടും 310 ഭാരതീയ സൈനികരോടും കൂടെ പട്ടണത്തിൽ മാർച്ച് നടത്തി. വഴിമദ്ധ്യേ ഒരു സ്ഥലത്തുകണ്ട ജനക്കൂട്ടത്തെ പിരിച്ചുവിടാൻ കുറച്ചു വിഷമമുണ്ടായി എങ്കിലും ജനങ്ങൾ പെട്ടെന്ന് പിന്മാറി.

ഉച്ചയ്ക്ക് 4 മണിക്ക് ഹിന്ദു സഭ ഹൈസ്കൂളിൽ ഒരു യോഗം കൂടി. അടുത്ത ദിവസം ജാലിയൻവാലാ ബാഗിൽ ഒരു പൊതുയോഗം കൂടാൻ തീരുമാനമെടുത്തു. ആ യോഗത്തിൽ ഡോ. സത്യപാലിൽനിന്നും, ഡോ. കിച്‌ലുവിൽനിന്നും കിട്ടിയ എഴുത്തുകൾ വായിച്ചു കേൾപ്പിക്കുവാനും തീരുമാനിച്ചു. യോഗം ജനങ്ങളോട് കൂടുതൽ ആത്മത്യാഗത്തിന് തയ്യാറാകണമെന്ന് ആവശ്യപ്പെട്ടു. പിറ്റേന്നും ഹർത്താലായിരിക്കുമെന്നും, ആ ഹർത്താൽ അവരുടെ നേതാക്കന്മാരായ ഡോ.കിച്‌ലുവിനെയും ഡോ. സത്യപാലിനെയും മോചിതരാക്കുന്നതുവരെ നീണ്ടുനിൽക്കുമെന്നും അറിയിച്ചു.

ജനറൽ ഡയർ

കൂട്ടക്കൊല

ഏപ്രിൽ 13-ന് വൈശാഖി ഉത്സവമായിരുന്നു. അന്നാണ് ഗുരുഗോവിന്ദസിംഗ്, സിക്കുകാരുടെ മതസംഘടനയ്ക്ക് (ഖൽസ) അടിസ്ഥാനമിട്ടത്. അമൃതസറിൽ ഈ ഉത്സവം വളരെ വിശേഷമായി ആഘോഷിക്കപ്പെടുന്നു.

എന്നാൽ അന്നത്തെ വൈശാഖി ആഘോഷം ഒരു വ്യത്യസ്ത സാഹചര്യത്തിലായിരുന്നു. കഴിഞ്ഞ നാലു ദിവസങ്ങളായി ഹർത്താൽ നടന്നുകൊണ്ടിരിക്കുന്നു. ദിവസവും ഏപ്രിൽ 10-ലെ വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ ശവയാത്രകൾ പോയിക്കൊണ്ടിരുന്നു.

വൈശാഖി ദിവസം ആയിരക്കണക്കിനാളുകൾ സുവർണ്ണക്ഷേത്രത്തിൽ പോകുമെന്നും, ജാലിയൻവാലാ ബാഗ്, അവിടെനിന്നും അടുത്തായതിനാൽ തീർച്ചയായും അവർ അവിടേയും എത്തുമെന്നും, ബ്രിട്ടീഷ് ഭരണാധികാരികൾക്ക് അറിയാമായിരുന്നു.

ഏപ്രിൽ 13-ന് രാവിലെ ജനറൽ ഡയർ വീണ്ടും തന്റെ ശക്തി പ്രദർശിപ്പിച്ചുകൊണ്ട് പട്ടണത്തിൽ മാർച്ച് നടത്തി. ഓരോ സ്ഥലത്തും പെരുമ്പറഘോഷം കേട്ട്, ചുറ്റുപാടുമുള്ള ജനങ്ങൾ കൂടിയപ്പോൾ അയാൾ ഇങ്ങനെ പ്രഖ്യാപിച്ചു,

"അമൃത്സറിലെ ഒരു പൗരനും അനുമതി കൂടാതെ പട്ടണത്തിനു പുറത്തു പോകരുത്, ഒരു പൗരനും രാത്രി 8 മണിക്കു ശേഷം തന്റെ വീട്ടിൽനിന്നും പുറത്തിറങ്ങരുത്. 8 മണിക്കുശേഷം പുറത്തു കാണുന്നവരെ വെടിവെയ്ക്കുന്നതാണ്.പട്ടണത്തിൽ ഘോഷയാത്രകൾ അനുവദിക്കുന്നതല്ല. നാലുപേർ എവിടെയെങ്കിലും കൂടിനിന്നാൽ അതു നിയമവിരുദ്ധമായ ഒരു കൂടിച്ചേരലായി പരിഗണിക്കപ്പെടുന്നതും ആവശ്യമെങ്കിൽ ആയുധപ്രയോഗത്താൽ പിരിച്ചുവിടപ്പെടുന്നതുമാകുന്നു."

ജനറൽ ഡയറിന്റെ മാർച്ച് കഴിഞ്ഞ ഉടൻതന്നെ കുറച്ച് ചെറുപ്പക്കാർ റോഡിലേക്കിറങ്ങി വരികയും, വൈകുന്നേരം 4.30ന് ജാലിയൻവാലാ ബാഗിൽ പൊതുയോഗം ഉണ്ടാകുമെന്ന് പാട്ടകൊട്ടി അറിയിക്കുകയും ചെയ്തു.

സമയം 12.40 ആയിരുന്നു. ജനറൽ ഡയർ പട്ടണത്തിൽ തന്നെ ഉണ്ടായിരുന്നു. വൈകുന്നേരം 4.30ന് ജാലിയൻവാലാ ബാഗിൽ പൊതുയോഗമുണ്ടാകുമെന്ന അറിയിപ്പ് വ്യാപകമായി നടക്കുന്നുവെന്നും തന്റെ പ്രഖ്യാപനങ്ങൾക്ക് ഒരു ഫലവും ഉണ്ടാക്കാനായില്ലെന്നും അയാൾക്കു മനസ്സിലായി. നഗരത്തിൽ പലയിടത്തും പോലീസും പട്ടാളവും കാവൽ നിന്നു. അതിനുശേഷവും ജനറൽ ഡയറിന്റെ പക്കൽ 400 സൈനികർ ബാക്കി ഉണ്ടായിരുന്നു.

രണ്ടു മണിയോടെ തന്നെ ജനങ്ങൾ ജാലിയൻവാലാ ബാഗിൽ ഒന്നിച്ചു ചേരാൻ തുടങ്ങി. 4 മണിക്ക് വലിയ തോതിൽ ജനങ്ങൾ ജാലിയൻവാലാ ബാഗിൽ എത്തിയിട്ടുണ്ടെന്ന് ഡയറിന് അറിവു കിട്ടി. ജനറൽ ഡയർ പെട്ടെന്നുതന്നെ തയ്യാറാവുകയും, തന്റെ സൈനികരോടൊപ്പം, ജാലിയൻവാലാ ബാഗിലേയ്ക്ക് പുറപ്പെടുകയും ചെയ്തു. മുന്നിൽ അദ്ദേഹം, തനിക്കിഷ്ടപ്പെട്ട ക്യാപ്റ്റനായ ബ്രിഗ്സിനൊപ്പം കാറിൽ നീങ്ങി. അവരുടെ കാറിനു പുറകെ കവ

ചമിട്ട രണ്ടു കാറുകളുമുണ്ടായിരുന്നു. അതിനും പുറകിൽ പോലീസ് സൂപ്രണ്ട് റിഹിലും, പ്ലോമറും ഇരുന്നിരുന്ന പോലീസ് കാറും ഉണ്ടായിരുന്നു.

വഴിമദ്ധ്യേ അഞ്ചിടത്ത് 40 പേരടങ്ങുന്ന സൈനിക കാവലുകൾ ഏർപ്പെടുത്തി. ബാഗിലേക്കു പോയ സേനാവിഭാഗത്തിൽ തോക്കേന്തിയ 50 ഇന്ത്യൻസൈനികരും ഖുക്രികളുമേന്തിയ 40 ഗോർഖകളുമാണ് ജനറൽ ഡയറിനോടൊപ്പമുണ്ടായിരുന്നത്.

മുമ്പു സൂചിപ്പിച്ചപോലെ, ജാലിയൻവാല ബാഗ് കുണ്ടും കുഴിയും നിറഞ്ഞ ഒരു സ്ഥലമായിരുന്നു. ചുറ്റും വീടുകൾ കെട്ടിയിട്ടുണ്ട്. തെക്കുവശത്തുമാത്രം അല്പം തുറന്നുകിടക്കുന്നു. അവിടെ ഏതാണ്ട് 5 അടി ഉയരത്തിൽ മതിലുയർത്തിയിട്ടുണ്ട്. നാലഞ്ച് ഇടവഴികൾ മൈതാനത്തിലേക്കു വന്നുചേർന്നിരുന്നു. അങ്ങാടിയിൽ നിന്നുള്ള വഴി വന്നുചേരുന്ന ഭാഗം കുറച്ച് ഉയർന്നതാണ്. ബാഗിനുള്ളിൽ ഒരു സമാധിയും, തുറന്ന ഒരു കിണറും ഉണ്ടായിരുന്നു.

ഡയർ തന്റെ സൈനികരോടൊപ്പം അങ്ങാടിയിൽ കൂടി ബാഗിൽ പ്രവേശിച്ചു. ആ വഴി കവചമണിഞ്ഞ കാറുകൾ കടക്കാനാവാത്ത വിധം ചെറുതായിരുന്നു. ഡയർ വണ്ടികൾ പുറത്തു നിർത്തി, ബാഗിൽ എത്തി.

അപ്പോഴേക്കും ബാഗിൽ വലിയൊരു ജനക്കൂട്ടമുണ്ടായിരുന്നു. ഏകദേശം ഇരുപതിനായിരം പേർ സന്നിഹിതരായിരുന്നു. ഒരാൾ സ്റ്റേജിൽ നിന്നു പ്രസംഗിക്കുന്നുമുണ്ടായിരുന്നു. യോഗ പരിപാടികൾ വളരെ സമാധാനപരമായി നടക്കുന്നു. ബാഗിനുള്ളിൽ കടന്നതും മുന്നിലുള്ള ഉയർന്ന സ്ഥലത്ത് ഡയർ തന്റെ സൈനികരോടൊപ്പം കയറി നിന്നു. പിന്നെ ഒരു നിമിഷംപോലും കാത്തു നിൽക്കാതെ അദ്ദേഹം 25 ആയുധധാരികളെ ഇടത്തുവശത്തും, 25 പേരെ വലത്തുവശത്തും നിയോഗിച്ചു. ജനങ്ങൾക്ക് മുന്നറിയിപ്പു കൊടുക്കാതെ, വെടിവെയ്ക്കാൻ ആജ്ഞ നൽകി.

ആളുകൾ പേടിച്ചരണ്ടുപോയി. അവർക്ക് ഓടിപ്പോകാൻ ഒരുവഴിയും ഉണ്ടായിരുന്നില്ല. ആളുകൾ പെട്ടെന്ന് എഴുന്നേറ്റ് വെടിയുണ്ടകളുടെ ശരവർഷങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ഓടി. ചിലർ ഒരു വശത്തേക്കാണെങ്കിൽ, മറ്റു ചിലർ മറുവശത്തേക്ക്. ആകെ ബഹളമായി. മുൻപ് യുദ്ധം കണ്ടിട്ടുള്ള ചിലർ ആളുകളോട് ഓടരുതെന്നും വെടിയുണ്ടയിൽ നിന്ന് രക്ഷനേടാൻ നിലത്ത് കമിഴ്ന്ന് കിടക്കാനും അലറിവിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ ആ ഭീതിയിൽ അതൊക്കെ ആരു കേൾക്കാൻ? ഏതു ഭാഗത്തേക്ക് ഓടിയാലും അവിടെയെല്ലാം വീടുകളുടെ പുറം ചുമരുകൾ മാത്രമായിരുന്നു. പുറത്തേക്കുള്ള ഇടുങ്ങിയ വഴികളിലേക്ക് നൂറുകണക്കിനാളുകൾ ഓടിപ്പോകുന്നുണ്ടായിരുന്നു. ഇതു കണ്ടിട്ട്, ഡയർ ആ ഭാഗത്തേക്കു തന്നെ വെടിവെക്കാനായി സൈനികർക്ക് ആജ്ഞ നൽകി. ചിലർക്ക് വെടിയേറ്റു. മറ്റുചിലർ ജനങ്ങളുടെ കാലിനടിയിൽപ്പെട്ട് ചതഞ്ഞുപോയി. ചിലർ 5 അടി ഉയരമുള്ള മതിൽ ചാടിക്കടക്കാൻ ശ്രമിക്കുന്നതിനിടയിൽ വെടിയേറ്റ് താഴെ

വീണു. ചിലർ കിണറിനുള്ളിലേക്ക് എടുത്തുചാടി. തുടക്കത്തിൽ ചില സൈനികർ ആകാശത്തേക്ക് നിറയൊഴിക്കുന്നതുകണ്ട് ജനറൽ ഡയർ ആക്രോശിച്ചു, "താഴോട്ടു വെടിവയ്ക്കൂ! നിന്നെയൊക്കെ എന്തിനാണിവിടെ കൊണ്ടുവന്നിരിക്കുന്നത്?"

മൈതാനം മുഴുവൻ കത്തുന്ന ഹോമകുണ്ഡത്തിനു തുല്യമായിരുന്നു. ആർതർ സ്വിൻസൻ എന്നു പേരായ ഒരു വ്യക്തി, താൻ കണ്ട രംഗം ഇപ്രകാരം വിവരിച്ചു.

'ഓടി രക്ഷപ്പെടാനുള്ള ശ്രമത്തിൽ രണ്ടുവശത്തുമുള്ള വഴികളിലേക്ക് ജനങ്ങൾ ഓടിക്കൂടുകയായിരുന്നു–വീണും ഉരുണ്ടും, തമ്മിൽ ഉന്തിയും, തള്ളിയും, വലിഞ്ഞിഴഞ്ഞും, കാലുകൾക്കിടയിൽ പെട്ടും. ബ്രിഗ്സ്, ഡയറിന്റെ ശ്രദ്ധയിലേക്കിതു കൊണ്ടുവന്നു. ജനങ്ങൾ തന്റെ നേർക്കു വരികയാണെന്നാണു ഡയർ വിചാരിച്ചത്. അദ്ദേഹം സൈനികരോട്, നേരിട്ട് അവരെ വെടിവെയ്ക്കാൻ ആജ്ഞാപിച്ചു. അതിന്റെ ഫലം ഭയാനകമായിരുന്നു. ജനങ്ങൾ അലറിവിളിച്ചു വീണു; പിന്നാലെ വന്നവരുടെ ചവിട്ടേറ്റ് ചതഞ്ഞു. ചിലർക്ക് പലതവണ വെടികൊണ്ടു. പലയിടത്തും ശവങ്ങളുടെ കൂമ്പാരമായി. വെടിയേറ്റ് വീഴുന്നവരുടെ മേലേക്ക് വീണ്ടും വീണ്ടും വെടിയേറ്റവർ വീണു കുമിഞ്ഞു.

വെടിവെപ്പ് തുടർന്നുകൊണ്ടിരുന്നു. നൂറുകണക്കിനാളുകൾ പുറത്തേക്കോടി രക്ഷപ്പെടാൻ മാർഗമില്ലെന്ന് കണ്ടപ്പോൾ ചുവരുകൾക്കടുത്തേക്ക് ഓടി. എങ്ങനെയെങ്കിലും ചാടി രക്ഷപ്പെടാമെന്നു വെച്ചാൽ, ചിലയിടത്ത് മതിലിന് 5 അടി പൊക്കമുണ്ടെങ്കിൽ മറ്റു പലയിടത്തും അതിൽ കൂടുതൽ – ഏഴോ, പത്തോ അടി– ഉയരം കാണും. ചുവരുകളുടെ പ്രതലത്തിൽ പിടിച്ചു കയറാൻ പോലും പലരും ശ്രമിച്ചു. വളരെയധികം പേർ മതിൽ ചാടാൻ ശ്രമിച്ചപ്പോൾ തന്നെ വെടിയുണ്ടകൾക്കിരയായി. ചിലർ മതിലിനുമുകളിൽ കയറിക്കഴിഞ്ഞിട്ടും വെടിയേറ്റ് താഴെ വീണു.

20000 പേർ വെടിയുണ്ടകളുടെ ശരവർഷത്തിൽ കുടുങ്ങിപ്പോയിരുന്നു. കുറച്ചു നിമിഷങ്ങൾക്കു മുമ്പുവരെ സമാധാനപരമായി യോഗം നടന്നിരുന്നിടം ഇപ്പോൾ നിലവിളികളുടെ നരകമായി!'

പത്തുപതിനഞ്ചു നിമിഷം വെടിവെപ്പ് തുടർന്നുകൊണ്ടിരുന്നു–അതായത് വെടിയുണ്ടകൾ തീരുന്നതുവരെ. ഓരോ തോക്കു

ധാരിയും 33 വെടികൾ വീതം വച്ചു. കൂടുതൽ വെടിയുണ്ടകൾ ഉണ്ടായിരുന്നെങ്കിൽ വെടിവെയ്പ് തുടരുമായിരുന്നു എന്ന് ഡയർ പിന്നീട് സമ്മതിച്ചു.

ഡയർ തന്റെ സേനാവിഭാഗത്തോടൊപ്പം ഏകദേശം അഞ്ചര മണിക്ക്, നരകത്തിന് തുല്യം കത്തിക്കാളുന്ന ജാലിയൻവാലാ ബാഗിൽ നിന്ന് മടങ്ങി. ഏകദേശം രണ്ടായിരം പേർ മുറിവേറ്റ് അവിടെ കിടന്നിരുന്നു, മിക്കവരും വെള്ളത്തിനുവേണ്ടി നിലവിളിച്ചുകൊണ്ട്. വെള്ളമെന്നല്ല, യാതൊരു സഹായവും അവർക്ക് കിട്ടിയില്ല. പരുക്കേറ്റ പലരും, പലയിടങ്ങളിലായി മരണവുമായി മല്ലിട്ടു കിടന്നിരുന്നു. പേടികൊണ്ട് ഒരു ഡോക്ടറും ഉള്ളിൽ പോയിരുന്നില്ല. യോഗത്തിൽ പങ്കെടുക്കുവാൻ വന്നവരുടെ ബന്ധുമിത്രാദികൾ പോലും ഉള്ളിൽ പോകാൻ ഭയപ്പെട്ടു.

പരുക്കേറ്റ ചിലർ ഇഴഞ്ഞിഴഞ്ഞ് തെരുവുകൾ വരെ എത്തിച്ചേർന്നു. എങ്കിലും പിന്നെ മുന്നോട്ട് എത്തിയില്ല; സ്വന്തം രക്തത്തിൽ നനഞ്ഞുകുളിച്ച് തെരുവിൽതന്നെ അവർ കുഴഞ്ഞുകിടന്നു മരിച്ചു.

കുറച്ചു സമയത്തിനുശേഷം, തങ്ങളുടെ ബന്ധുമിത്രാദികളെ അന്വേഷിച്ച് അമൃത്സറിലെ പൗരർ പേടിച്ചും ദുഃഖിച്ചും ബാഗിൽ പ്രവേശിച്ചു. പക്ഷേ പെട്ടെന്ന് രാത്രിയായി. ഇരുട്ടിൽ എങ്ങനെ പ്രിയപ്പെട്ടവരെ നോക്കിക്കണ്ടുപിടിക്കും. എല്ലായിടത്തും ശവക്കൂമ്പാരങ്ങൾ. അവയിൽ നിന്നെങ്ങനെ കണ്ടെത്തും. മാത്രമല്ല എട്ടുമണിക്കു ശേഷം ആരും പുറത്തുണ്ടാകാനും പാടില്ല.

ചിലർക്ക് അവരുടെ ബന്ധുക്കളെ കണ്ടുകിട്ടി, അവരെ അവിടെ നിന്ന് കൊണ്ടുപോയി. 8 മണിക്കു തന്നെ എല്ലാവരും ബാഗിൽനിന്നു പുറത്തുവന്നു. പരിക്കേറ്റവർ ബാഗിലെ തുറന്ന മൈതാനത്തിൽ തന്നെ വിലപിച്ചുകിടന്നു. പരിക്കേറ്റ ആയിരത്തോളം പേർ രാത്രി മുഴുവൻ ജാലിയൻവാലാ ബാഗിൽ തന്നെ കിടന്നു എന്ന് പറയുന്നു. രക്തം ഒഴുകിക്കൊണ്ടിരുന്നതിനാൽ,

ചിലർ പുലരുമ്പോഴേക്കും മരണപ്പെട്ടിരുന്നു.

ഇതുകൊണ്ടൊന്നും ജനറൽ ഡയർ തൃപ്തനായില്ല. അന്നുതന്നെ അമൃത്സറിലെ തെരുവീഥികളിലൂടെ അദ്ദേഹം ഒരു സൈനികമാർച്ച് നടത്തി. എട്ടുമണിക്കുശേഷം ആരെങ്കിലും പുറത്തുണ്ടോയെന്ന അന്വേഷണാർത്ഥം. "എന്റെ ആജ്ഞ പാലിക്കപ്പെടുന്നുണ്ടോ?" പിന്നീടദ്ദേഹം പറഞ്ഞു "നഗരം പരിപൂർണ്ണ നിശബ്ദമായിരുന്നു. ഒരാൾ പോലും പുറത്തുണ്ടായിരുന്നില്ല."

ഭയാവഹമായ ഈ സംഭവത്തിനുശേഷം കുറച്ചുകാലം കഴിഞ്ഞ്, വസ്തുതകളും കണക്കുകളും ശേഖരിക്കാൻ ൗ ന്ദി. ജനറൽ ഡയർ 1919 ആഗസ്റ്റ് 25-ന് ജനറൽ സ്റ്റാഫ് ഡിവിഷനു നൽകിയ മൊഴിയിൽ പറഞ്ഞു,

> "ഞാൻ ജനങ്ങൾ പിരിഞ്ഞുപോകുന്നതുവരെ വെടിവെച്ചു. ജനങ്ങളിൽ ശക്തമായ സ്വാധീനമുണ്ടാക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ വെടിവെയ്പേ നടത്തിയിട്ടുള്ളൂ. അതെന്റെ കർത്തവ്യമായി ഞാൻ കാണുന്നു. എന്റെ പക്കൽ സൈനികർ അധികം ഉണ്ടായിരുന്നെങ്കിൽ പരിക്കേറ്റവരുടെ എണ്ണം കൂടുതലാകുമായിരുന്നു. ഞാൻ അവിടെ ജനങ്ങളെ പിരിച്ചുവിടാൻ വേണ്ടി മാത്രം പോയതല്ല. അവിടെ കൂടിയിരുന്ന ജനങ്ങളിൽ മാത്രമല്ല, മറിച്ച് മുഴുവൻ പഞ്ചാബിലും സൈനികാർത്ഥത്തിലുള്ള ഒരു ധാർമ്മികപ്രഭാവം ഉണ്ടാക്കാൻ വേണ്ടിയുള്ള ഉദ്ദേശത്തോടെയാണ് വെടിവെച്ചിരുന്നത്. ഞാൻ ആവശ്യത്തിൽ കൂടുതൽ കാർക്കശ്യം കാണിച്ചു എന്ന പ്രശ്നമേ ഉദിക്കുന്നില്ല."

പഞ്ചാബിൽ നടന്ന അനിഷ്ടസംഭവങ്ങളെച്ചൊല്ലി ഭാരതത്തിലും, ഇംഗ്ലണ്ടിലും ഉണ്ടായ തീക്ഷ്ണമായ പ്രതിഷേധത്തിന്റെഫലമായി 1919 ഒക്ടോബറിൽ ഹണ്ടർ കമ്മീഷൻ നിയമിക്കപ്പെട്ടു. കമ്മീഷനുമുന്നിൽ ചില ചോദ്യങ്ങൾക്ക് ജനറൽ ഡയർ ഇപ്രകാരം മറുപടി നൽകി.

ചോദ്യം:	നിങ്ങൾ ബാഗിൽ പോയപ്പോൾ എന്തു ചെയ്തു?
ഉത്തരം:	ഞാൻ വെടിവെച്ചു.
ചോദ്യം:	ഉടൻ?

ബ്രിട്ടീഷ് ദിനപത്രം കൂട്ടക്കൊലയെക്കുറിച്ച്

ബ്രിട്ടീഷ് പത്രമായ *ഡെയ്‌ലി ഹെറാൾഡിനെ* ഉദ്ധരിച്ചു *അമൃതബസാർ പത്രികയിൽ* 1920 ജനുവരി 12-നു പ്രസിദ്ധപ്പെടുത്തിയ ജാലിയൻവാലാ ബാഗ് കൂട്ടക്കൊലയെക്കുറിച്ചുള്ള ലേഖനത്തിൽ നിന്നുള്ളതാണ് താഴെ ക്കൊടുത്തിരിക്കുന്ന ഭാഗങ്ങൾ.

പഞ്ചാബിലെ അമൃത്സറിൽ ഏപ്രിൽ മാസത്തിൽ നടന്ന വെടിവയ്പിന്റെ ആദ്യവിവരണങ്ങൾ കാണിക്കുന്നത്, ആധുനിക ചരിത്രത്തിൽ നടന്ന ഏറ്റവും രക്തരൂക്ഷിതമായ കൂട്ടക്കൊലകളിലൊന്നായിരുന്നു അതെന്നത്രെ.

ബ്രിട്ടീഷ് സാമ്രാജ്യത്തിലെ പ്രജകൾക്കെതിരെ, ഭരണകൂടം സ്വീകരിക്കുന്ന പലതരത്തിലുള്ള അടിച്ചമർത്തലുകളിൽ ഏറ്റവും ആശ്ചര്യകരവും, ഭീകരവും, ദുഷ്പ്രേരിതവുമായ ഒന്നാണ് അമൃത്സറിൽ നടന്ന കൂട്ടക്കൊല. ജനറൽ ഡയർ നൽകിയ തെളിവിന്റെ അടിസ്ഥാനത്തിൽ ഉള്ള റിപ്പോർട്ട് അനുസരിച്ച്, ഒരു പ്രസംഗം കേട്ടുകൊണ്ടിരുന്ന 5000-ൽ പരം ജനങ്ങളുടെ നേർക്ക് മനഃപൂർവം വെടിവച്ചതിൽ 500 ഇന്ത്യക്കാർ മരിക്കുകയും 1,500-ൽ പരം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനെക്കാളും ഇരുണ്ടതും നീചവുമായ ഒരു കാര്യം ഇതിനു മുൻപ് നടന്നിട്ടില്ല. ജനക്കൂട്ടം ശാന്തമായി പിരിഞ്ഞുപോകുമായിരുന്നുവെന്നും, അപ്രകാരം സംഭവിച്ചാൽ പൊതുജനം തന്നെ ഒരു വിഡ്ഢിയെന്ന നിലയിൽ പരിഹസിച്ചേനെയെന്ന ചിന്തയാണ് അവരുടെ നേരേ നിറയൊഴിക്കാൻ തന്നെ പ്രേരിപ്പിച്ചതെന്നും ജനറൽ ഡയർ തുറന്നു സമ്മതിച്ചിരിക്കുന്നു! കൂടാതെ അദ്ദേഹത്തിന്റെ തന്നെ റിപ്പോർട്ടനുസരിച്ച് ബ്രിട്ടീഷ് മേധാവികൾ തെരുവിൽ വീണു പിടഞ്ഞു മരിച്ചുകൊണ്ടിരുന്ന മനുഷ്യർക്ക് നേരെ അചിന്ത്യമായ ഉദാസീനതയോടെ പെരുമാറിയെന്നും ഞങ്ങൾ അറിയുന്നു.

മറ്റൊരു സംസ്കാരക്കാരും മതക്കാരുമായ സ്ത്രീപുരുഷന്മാരെ ക്രിസ്തുമതം എത്ര സുന്ദരവും കാരുണ്യമാർന്നതുമാണ് എന്നു പഠിപ്പിക്കാൻ ചെയ്തതായിരിക്കുമിതെന്നു ഞങ്ങൾ കരുതുന്നു. ശത്രുവിനെ സ്നേഹിക്കണമെന്നു പഠിപ്പിച്ച 'അവന്റെ' നിയമങ്ങളെ ബ്രിട്ടീഷുകാരായ നാം എങ്ങനെ ആദരിക്കുന്നുവെന്ന് പഠിപ്പിക്കാനും.

ഉത്തരം: പെട്ടെന്നുതന്നെ. കാര്യങ്ങൾ നേരത്തേ ആലോചിച്ചു തീരുമാനമെടുത്തിരുന്നു. എന്റെ കടമ എന്താണെന്നും ഞാൻ എന്ത് ചെയ്യണമെന്നും ഞാൻ അര നിമിഷത്തിനുള്ളിൽ തന്നെ തീരുമാനമെടുത്തു.

ചോദ്യം: വെടിവെച്ച ഉടൻതന്നെ ജനങ്ങൾ പിരിഞ്ഞു പോകാൻ തുടങ്ങിയോ?

ഉത്തരം: ഉടൻ തന്നെ.

ചോദ്യം: വെടിവെപ്പ് തുടർന്നുകൊണ്ടിരുന്നുവോ?

ഉത്തരം: ഉവ്വ്.

ചോദ്യം: ജനങ്ങൾ ബാഗിന്റെ ഒരുവശത്ത് ചില വഴികളിൽ കൂടി പുറത്തു കടക്കാൻ ശ്രമിച്ചിരുന്നുവോ?

ഉത്തരം: ഉവ്വ്.

ചോദ്യം: ആ സ്ഥലങ്ങളിൽ ജനങ്ങൾ അധികം കൂടിയിരുന്നുവോ?

ഉത്തരം: ഉവ്വ്.

ചോദ്യം: ആൾക്കൂട്ടം ഏറ്റവുമധികം ഉള്ളയിടം നോക്കി നിങ്ങൾ മാറിമാറി വെടിവെച്ചുവോ?

ഉത്തരം: അങ്ങനെ തന്നെയാണ്.

ചോദ്യം: അങ്ങനെ തന്നെയാണോ?

ഉത്തരം: അതെ.

ചോദ്യം: നിങ്ങൾ പറഞ്ഞതുപോലെ, ജനങ്ങളുടെ നേർക്ക് വെടിവയ്ക്കാൻ നേരത്തേ ഉറച്ചിരുന്നുവോ?

ഉത്തരം: തീർച്ചയായും.

ചോദ്യം: യോഗം ഉണ്ടെന്ന് 12.40–ന് കേട്ടപ്പോൾ തന്നെ നിങ്ങൾ അവിടെച്ചെന്ന് വെടിവയ്ക്കുമെന്ന് തീരുമാനമെടുത്തിരുന്നുവോ?

ഉത്തരം: അവിടെ ചെന്നാലുടൻ വടിവെയ്ക്കണമെന്നു ഞാൻ തീരുമാനിച്ചിരുന്നു. സൈനികമായി ആ സാഹചര്യത്തെ നേരിടാൻ അതേ വഴിയുണ്ടായിരുന്നുള്ളു. ഇനിയും താമസിക്കാനാവാത്ത സമയം

വന്നെത്തിയിരുന്നു. ഞാനതു വീണ്ടും താമസിപ്പി ച്ചിരുന്നെങ്കിൽ എന്നെ പട്ടാളക്കോടതി വിചാര ണക്കു വിധേയമാക്കുമായിരുന്നു.

ചോദ്യം: കവചിത വാഹനങ്ങൾക്കു ബാഗിനുള്ളിലേക്കു പോകാൻ ആവുമായിരുന്നെങ്കിൽ, നിങ്ങൾ യന്ത്ര ത്തോക്കുകൾ കൊണ്ടു വെടിവയ്പു നടത്തുമായി രുന്നോ?

ഉത്തരം: ഉവ്വ്, മിക്കവാറും, വെടി വയ്ക്കുമായിരുന്നു.

ചോദ്യം: അങ്ങനെയായിരുന്നെങ്കിൽ പരിക്കുകൾ വളരെ അധികമാകുമായിരുന്നില്ലേ?

ഉത്തരം: അതെ.

ചോദ്യം: കവചിത വാഹനങ്ങൾക്ക് ഉള്ളിലേക്കു പോകാനാ യില്ല എന്ന ആകസ്മികത കൊണ്ടു മാത്രമാണോ നിങ്ങൾ യന്ത്രത്തോക്കുപയോഗിക്കാത്തത്?

ഉത്തരം: ഞാൻ ഉത്തരം തന്നുകഴിഞ്ഞു. കവചിത വാഹന ങ്ങൾ ബാഗിനുളളിൽ എത്തിയിരുന്നുവെങ്കിൽ, ഞാൻ യന്ത്രത്തോക്കുകൊണ്ട് വെടിവയ്ക്കും എന്നത് സംഭാവ്യമാണ് എന്നാണ് ഞാൻ പറ ഞ്ഞത്.

ചോദ്യം: യന്ത്രത്തോക്കിനാൽ നേരിട്ട് ജനങ്ങളെ?

ഉത്തരം: അതെ; യന്ത്രത്തോക്കുകൊണ്ടു തന്നെ.

ചോദ്യം: വെടിവെച്ചിട്ട്, ജനങ്ങളുടെ മനസ്സിൽ ഭയം വരു ത്തുക എന്നതായിരുന്നു നിങ്ങളുടെ ഉദ്ദേശം എന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

ഉത്തരം: നിങ്ങൾക്ക് എന്ത് വേണമെങ്കിലും പറയാം. ഞാൻ അവരെ ശിക്ഷിക്കാൻ പോകുകയായിരുന്നു. സൈനികമായ കാഴ്ചപ്പാടിൽ ജനങ്ങളിൽ വലിയ പ്രഭാവം ഉണ്ടാക്കാനാണ് ഞാനുദ്ദേശിച്ചത്.

ചോദ്യം: പേടിപ്പിക്കുക, അമൃത്സറിൽ മാത്രമല്ല, പഞ്ചാബ് മുഴുവനും?

ഉത്തരം: അതെ, പഞ്ചാബ് മുഴുവനും. അവരുടെ ആത്മവിശ്വാസത്തെ തകർക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. വിപ്ലവകാരികളുടെ ആത്മവിശ്വാസത്തെ!

പട്ടാളനിയമം

അമൃത്സറിലെ ജനങ്ങളുടെ കഷ്ടപ്പാടുകൾ, ആ കൂട്ടക്കൊലയിലും അവസാനിച്ചില്ല. നാലു യൂറോപ്യന്മാരുടെ മരണത്തിന്റെയും ഒരു ബ്രിട്ടീഷ് മഹിളയുടെ മേലുണ്ടായ ആക്രമണത്തിന്റെയും പ്രതികാരം ഇനിയും പൂർണ്ണമായിട്ടുണ്ടായിരുന്നില്ല. അടുത്ത ദിവസം, അതായത് ഏപ്രിൽ 14-ന് പട്ടാളനിയമം നടപ്പിലാക്കപ്പെട്ടു.

പട്ടണത്തിൽ ജന ജീവിതം ദുഷ്കരമായി. മിസ് ഷെർവുഡ് ആക്രമിക്കപ്പെട്ട റോഡിൽ കൂടി കടന്നുപോകുന്ന ഏതൊരു ഭാരതീയനും ഇഴഞ്ഞിഴഞ്ഞ് നീങ്ങേണ്ടി വന്നു. ആരെങ്കിലുമിതിനു

ഉധംസിംഗിന്റെ പ്രസ്താവന

റാം മുഹമ്മദ് സിംഗ് ആസാദ് എന്നു വിളിക്കപ്പെട്ടിരുന്ന ഉധംസിംഗ്, 1940 മാർച്ച് 13-ന് ജാലിയൻവാലാ ബാഗ് കൂട്ടക്കൊലയുടെ സമയത്തെ പഞ്ചാബ് ഗവർണർ മൈക്കേൽ ഒ' ഡ്വയറെ ലണ്ടനിലുള്ള കാക്സ്റ്റൻ ഹാളിൽ വച്ച് വെടി വെച്ചുകൊന്നു. മരണശിക്ഷക്കു വിധിക്കപ്പെട്ട ഉധംസിംഗിനെ 1940 ജൂൺ 12-ന് തൂക്കിക്കൊന്നു. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ നിന്നുള്ള ഒരു ഭാഗം ചുവടെ ചേർക്കുന്നു.

> അയാൾ അത് അ[illegible]ിരുന്നു. അയാളാണ് ശരിയായ കുറ്റക്കാരൻ. അയാൾ എന്റെ ആളുകളുടെ മനോവീര്യം തകർക്കാൻ ആഗ്രഹിച്ചിരുന്നു. എന്റെ മാതൃഭൂമിക്കുവേണ്ടിയുള്ള പരിശ്രമത്തിൽ, മരണശിക്ഷയിൽ കവിഞ്ഞ എന്തു ബഹുമതിയാണ് എനിക്കു കിട്ടേണ്ടത്?

വിസമ്മതിച്ചാൽ റൈഫിൾ മുന കൊണ്ടു കുത്തി അനുസരിപ്പിച്ചിരുന്നു.

ഓരോ ഭാരതീയനും മുന്നിൽ വരുന്ന ബ്രിട്ടീഷുകാരുടെയെല്ലാം മുന്നിൽ വണങ്ങണമായിരുന്നു. ഇല്ലെങ്കിൽ അയാൾ ഉടനടി അറസ്റ്റ് ചെയ്യപ്പെടും. കൂടാതെ പട്ടണത്തിൽ പലതരത്തിലുമുള്ള അറസ്റ്റുകൾ തുടങ്ങിയിരുന്നു. നിരപരാധികളെ പോലും പിടിച്ച്, ഭീഷിണിപ്പെടുത്തി, കുറ്റം സമ്മതിപ്പിച്ചു. പിടിക്കപ്പെട്ട ജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം പോലും കൊടുത്തിരുന്നില്ല - ചെറിയ കുറ്റങ്ങൾക്കു പോലും പരസ്യമായി ചമ്മട്ടികൊണ്ട് അടിച്ചിരുന്നു.

ഗാന്ധിജി ആത്മകഥയിൽ ഇങ്ങനെ പറഞ്ഞു:

> "ഈ അതിക്രമങ്ങളെക്കുറിച്ചാലോചിക്കുമ്പോൾ ജാലിയൻവാലാ ബാഗ് ദുരന്തം നിഷ്പ്രഭമാകുന്നു. ഈ കൂട്ടക്കൊലയാണ് ഭാരതത്തിലെയും വിദേശങ്ങളിലെയും ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റിയതെങ്കിലും..."

പട്ടാളനിയമത്തിന്റെ പീഡനങ്ങളെപ്പറ്റി കോൺഗ്രസ് സബ്കമ്മിറ്റിയുടെ റിപ്പോർട്ട്

പഞ്ചാബിലെ പ്രശ്നങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനായി ഇന്ത്യൻ നാഷണൽകോൺഗ്രസിന്റെ പഞ്ചാബ് സബ്കമ്മിറ്റി ഒരു കമ്മീഷനെ നിയമിച്ചു. 1920 മാർച്ചിൽ പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ചില ഭാഗങ്ങൾ:

മി. ലാഭ്ചന്ദ്: "ഈശ്വർ ദാസ് പന്നാലാൽ, മാലാറാം എന്നിവരും ഞാനും വീട്ടിൽ പോകാനാഗ്രഹിച്ചു. പക്ഷേ പോലീസ് സമ്മതിച്ചില്ല. ഞങ്ങൾ വീണ്ടും അപേക്ഷിച്ചപ്പോൾ, റോഡിലൂടെ ഇഴഞ്ഞുനീങ്ങി പോകുവാൻ അനുവദിച്ചു. അങ്ങനെ, തെരുവിലൂടെ കമിഴ്ന്നിഞ്ഞ് ഞങ്ങൾ പോയി. മറ്റ് ഒരു വഴിയിലൂടെയും പൊയ്ക്കൂടായിരുന്നു...."

ലാലാ മേഘാമൽ: "അന്ന് ഞാൻ വീട്ടിലെത്തിയപ്പോൾ എന്റെ ഭാര്യ പനിച്ചുകിടക്കുകയായിരുന്നു. അവർക്കു കൊടുക്കാൻ വെള്ളമോ മരുന്നോ വീട്ടിൽ ഉണ്ടായിരുന്നില്ല... പിന്നീട് ഏഴു ദിവസത്തേക്ക് എന്റെ ഭാര്യക്കു വൈദ്യസഹായം കിട്ടിയില്ല; കാരണം, തെരുവിലൂടെ ഇഴഞ്ഞു നീങ്ങുവാൻ ഒരു ഡോക്ടറും തയ്യാറല്ലായിരുന്നു.

ഒരു അന്ധനെ തൊഴിക്കുകയും നിർബന്ധിച്ച് ഇഴയ്ക്കുകയും ചെയ്തു

കഴിഞ്ഞ 20 കൊല്ലമായി കഹർ ചന്ദ് അന്ധനായിരുന്നു. അയാളെ ഇഴയാൻ നിർബന്ധിക്കുക.യും തൊഴിക്കുകയും ചെയ്തു. എന്തിനാണ് ചാട്ടകൊണ്ടടിച്ചത് എന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. കുട്ടികളെ ത്രികോണങ്ങളോട് ചേർത്തു കെട്ടി, ചാട്ടകൊണ്ട് 30 അടി വീതം അടിച്ചു. അവരിൽ ഒരാളായ സുന്ദർസിംഗ്, "നാലടികൊണ്ടു കഴിഞ്ഞപ്പോൾ ബോധം കെട്ടു. അപ്പോൾ ഒരു പട്ടാളക്കാരൻ അയാളുടെ വായിൽ കുറച്ചു വെള്ളം ഒഴിച്ചുകൊടുത്തതിനെത്തുടർന്ന് ബോധം തെളിഞ്ഞു. വീണ്ടും ചാട്ടയടി തുടർന്നു. മറ്റു കുട്ടികളെയും അങ്ങനെതന്നെ ചെയ്തു. അവരിൽ മിക്കവരും ബോധം കെട്ടു. അവരെ പോലീസ് വലിച്ചിഴച്ചു... എന്നിട്ട് കോട്ടയിലേക്കു കൊണ്ടുപോയി."

ജാലിയൻവാലാ ബാഗിലെ കൂട്ടക്കൊല നമ്മുടെ സ്വാതന്ത്ര്യസമരത്തിന് ഒരു പുതിയ ദിശ നൽകി. ഒരു വശത്ത്, ഉന്നതമായ നീതിന്യായം പാലിക്കുന്ന ബ്രിട്ടീഷ് ഭരണാധികാരികളുടെ ശരിയായ മനസ്ഥിതി പുറത്തുവന്നു; മറ്റൊരുവശത്ത്, നിരോധനാജ്ഞയും കർഫ്യൂവും ഉണ്ടായിരുന്നിട്ടും, ആയിരക്കണക്കിനാളുകൾ കൂട്ടം കൂടിനിൽക്കുകയും, സ്വാതന്ത്ര്യത്തിനായി രക്തസാക്ഷികളാവുകയും ചെയ്തു. ഇത് പിൽക്കാലത്തെ സമരങ്ങൾക്കു പ്രചോദനം നൽകി. ഏതാണ്ട് 30 വർഷങ്ങൾക്കുശേഷം, ഭാരതം സ്വതന്ത്രമായി. ഈ സ്വാതന്ത്ര്യത്തിനു പിന്നിൽ ഏപ്രിൽ 13-ാം തിയതി വൈകുന്നേരം ജാലിയൻവാലാ ബാഗിൽ കൂടിയ ജനങ്ങളുടെ മഹത്വപൂർണ്ണമായ ആത്മത്യാഗമുണ്ട്.

printed at: J J Offset Printers, 7 Printing Press Area, Wazirpur, Delhi-110035

പട്ടാളനിയമത്തിന്റെ പീഡനങ്ങളെപ്പറ്റി മോത്തിലാൽ നെഹ്രു

1919-ൽ അമൃത്സറിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ ആധ്യക്ഷം വഹിച്ച മോത്തിലാൽ നെഹ്രു, പട്ടാളനിയമത്തിനു കീഴിൽ നടന്ന പീഡനങ്ങളെപ്പറ്റി താഴെപ്പറയും പ്രകാരം പ്രസ്താവിച്ചു.

> ജനങ്ങളെ ഭയപ്പെടുത്തുന്നതിനു ശ്രമിച്ചതിനു പുറമെ, നമ്മുടെ രാഷ്ട്രീയ ജീവിതത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിൽ, പഞ്ചാബിലെ ഉദ്യോഗസ്ഥന്മാർ ഒരു ആഘാതമേൽപ്പിക്കാൻ ഉദ്ദേശിച്ചു- ഹിന്ദു-മുസ്ലീം ഐക്യം തകർക്കാൻ എന്റെ സഹജീവികളായ പ്രതിനിധികളേ, നിങ്ങൾക്കറിയാം, ദൽഹിയിലും, ലാഹോറിലും മറ്റു സ്ഥലങ്ങളിലും ലഹളയുണ്ടായപ്പോൾ 'ഹിന്ദു-മുസ്ലീം കീ ജയ്' എന്ന വിളികളോടെ, ഹിന്ദുക്കളും മുസ്ലീങ്ങളും കാണിച്ച സൗഹൃദത്തെപ്പറ്റി. ഈ സഹ ജീവിതപ്രകടനം, രാജാവിനെതിരായ യുദ്ധമോ ലഹളയോ പോലെ ഹീനമായ കുറ്റകൃത്യമാണെന്ന് പഞ്ചാബിലെ ഉദ്യോഗസ്ഥന്മാർ കണക്കാക്കി 'ഹിന്ദുക്കളും മുഹമ്മദന്മാരും ഗവണ്മെന്റിന്റെ നിയമങ്ങൾക്കെതിരായി സാഹോദര്യം പുലർത്തുക' എന്നൊരു കുറ്റം കൂടി എഴുതിയുണ്ടാക്കി. പട്ടാളനിയമത്തിന്റെ പ്രയോക്താക്കൾ തുടരുന്ന ഏറ്റവും ലജ്ജാവഹമായ പ്രവൃത്തിയാണ് ഹിന്ദു-മുസ്ലീം മൈത്രിയെ പല പ്രകാരത്തിൽ, പ്രകടമായി അധിക്ഷേപിക്കുന്നത്